28
തിങ്കൾ
ജനുവരി 2022
1197 കുംഭം 16
Vol 4 Issue No 100

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com



## യുക്രെയിനെതിരെ ആണവയുദ്ധത്തിന് റഷ്യയുടെ ഒരുക്കം, ചർച്ചയ്ക്ക് സന്നദ്ധത അറിയിച്ച് സെലൻസ്കി

**മോസ്കോ** :യുക്രെയിനെതിരായ യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകൾക്കിടെ ആണവയുദ്ധത്തിന് റഷ്യ തയ്യാറെടുക്കുന്നതായി റിപ്പോർട്ട്. യുക്രെയിനെതിരെ ആണവായുധം സജ്ജമാക്കാൻ റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിൻ നിർദേശം നൽകിയതായി റഷ്യൻ മാദ്ധ്യമം റിപ്പോർട്ട് ചെയ്തു. ഇതുസംബന്ധിച്ച് സേനാ തലവന്മാർക്ക് പുട്ടിൻ നിർദ്ദേശം നൽകിയെന്ന വിവരമാണ് റഷ്യ ടുഡേ റിപ്പോർട്ട് ചെയ്തത്. ആണവഭീഷണിയുമായി പുട്ടിൻ രംഗത്തെത്തിയതിന് പിന്നാലെ സമാധാന ചർച്ചയ്ക്ക് തയ്യാറാണെന്ന വിവരം യുക്രെയിൻ ഔദ്യോ?ഗികമായി സ്ഥിരീകരിച്ചു .ബെലാറൂസ് പ്രസിഡന്റുമായുള്ള ചർച്ചയിലാണ് ഇക്കാര്യം തീരുമാനമായതെന്ന് യുക്രെയിൻ പ്രസിഡന്റ് സെലൻസ്കി അറിയിച്ചു. ചർച്ചയ്ക്കായി ബെലാറൂസിലേക്ക് യുക്രെയിൻ പ്രതിനിധി സംഘം യാത്ര തിരിച്ചു.റഷ്യയാണ് ബെലാറൂസിൽ വെച്ച് ചർച്ച നടത്താൻ സന്നദ്ധത അറിയിച്ചതെന്നും എന്നാൽ ഇക്കാര്യത്തിൽ ഔദ്യോഗിക സ്ഥിരീകരണങ്ങൾ വന്നിട്ടില്ലെന്നും നേരത്തെ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.ചർച്ച തീരുന്നത് വരെ ബെലാറൂസ് പരിധിയിൽ സൈനിക നീക്കം ഉണ്ടാവില്ലെന്ന് ബെലാറൂസ് ഉറപ്പ് നൽകി. സൈനിക വിമാനങ്ങൾ, മിസൈൽ അടക്കം തത്സ്ഥിതി തുടരുമെന്നും ബെലാറൂസ് അറിയിച്ചു. ഇതിന് പിന്നാലെയാണ് ചർച്ചയ്ക്ക് യുക്രെയിൻ സന്നദ്ധത അറിയിച്ചത്.



## യുക്രെയിനെ പൂർണമായി പിന്തുണയ്ക്കാതെ ഇന്ത്യ, ഐക്യരാഷ്ട്ര പൊതുസഭയിലും നിഷ്പക്ഷ നിലപാട് തുടരും

**ന്യൂഡൽഹി:** യുക്രെയിനിൽ നടത്തുന്ന ആക്രമണം റഷ്യ നിർത്തണമെന്ന പ്രമേയം പാസാക്കാനായി ഇന്ന് ചേരുന്ന ഐക്യരാഷ്ട്ര പൊതുസഭയിൽ ഇന്ത്യ നിഷ്പക്ഷ നിലപാട് തുടരും. ഐക്യരാഷ്ട്ര സഭയിൽ റഷ്യയ്ക്കെതിരായ പ്രമേയത്തിന്റെ വോട്ടെടുപ്പിൽ നിന്ന് നേരത്തെ ഇന്ത്യ വിട്ടുനിന്നിരുന്നു. പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടിരുന്നു. നയതന്ത്ര ചർച്ചയിലൂടെയാണ് പ്രശ്നം പരിഹരിക്കേണ്ടത്. മനുഷ്യക്കുരുതിയില്ലാതാക്കാകണമെന്നും വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നത് സമാധാന ശ്രമങ്ങൾക്ക് ഇടം നൽകാനാണെന്നും ഇന്ത്യൻ പ്രതിനിധി ടി എസ് തിരുമൂർത്തി വ്യക്തമാക്കിയിരുന്നു. ഇന്ത്യ, ചൈന, യുഎഇ എന്നീ രാജ്യങ്ങളാണ് റഷ്യക്കെതിരായ യുഎൻ പ്രമേയത്തിന്റെ വോട്ടെടുപ്പിൽ നിന്ന് അന്ന് വിട്ടുനിന്നത്. അമേരിക്ക ഉൾപ്പടെയുള്ള പതിനൊന്ന് രാജ്യങ്ങൾ പ്രമേയത്തെ പിന്തുണച്ചിരുന്നു.യുഎൻ രക്ഷാ സമിതിയിലെ സ്ഥിരാംഗമെന്ന നിലയിൽ റഷ്യ വീറ്റോ ചെയ്തതോടെ പ്രമേയം പാസായില്ല.



## ദേശീയപാത വികസന പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ മുഖ്യമന്ത്രിയുടെ നിർദ്ദേശം

**തിരുവനന്തപുരം:**ദേശീയപാതാ വികസന പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. ദേശീയപാതാ വികസന പുരോഗതി ചർച്ച ചെയ്യാൻ ചേർന്ന ഉന്നതതല യോഗത്തിലായിരുന്നു നിർദ്ദേശം. അദാലത്തുകൾ നടത്തി ഭൂമി ഏറ്റെടുക്കൽ പ്രക്രിയ വേഗത്തിൽ പൂർത്തിയാക്കാൻ മുഖ്യമന്ത്രി ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടു. ഇതിന്റെ പുരോഗതി ആഴ്ച തോറും കളക്ടർമാർ വിലയിരുത്തണം. ഏറ്റെടുത്തു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകണം. മറ്റ് വകുപ്പുകൾ ആവശ്യമായ അനുമതികൾ നൽകണം. രാത്രി ജോലികൾക്ക് തടസമുണ്ടാകില്ല. റവന്യൂ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പദ്ധതി അവലോകനം നടത്തണം. പൊതുമരാമത്ത്, റവന്യൂവകുപ്പ് മന്ത്രിമാർ പുരോഗതി വിലയിരുത്തണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. മന്ത്രിമാരായ പി.എ. മുഹമ്മദ് റിയാസ്, കെ.രാജൻ, ചീഫ് സെക്രട്ടറി ഡോ.വി.പി.ജോയ്, എൻ.എച്ച്.എ.ഐ റീജിണൽ ഓഫീസർ ബി.എൽ. മീണ തുടങ്ങിയവർ പങ്കെടുത്തു.



## കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി സംസ്ഥാന സർക്കാർ

തിരുവനന്തപുരം: കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി സംസ്ഥാന സർക്കാർ. സംസ്ഥാനത്തെ കോവിഡ് കേസുകളിൽ കാര്യമായ കുറവുണ്ടായ സാഹചര്യത്തിലാണ് ഇത്. ബാറുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മറ്റ് ഭക്ഷണശാലകൾ എന്നിവിടങ്ങളിൽ നൂറ് ശതമാനം പ്രവേശനം അനുവദിക്കും. സംസ്ഥാനത്തെ തീയേറ്ററുകൾ നൂറ് ശതമാനം സിറ്റിങ് കപ്പാസിറ്റിയിൽ പ്രവർത്തിക്കാം. ആശുപത്രിയിലെ കോവിഡ് രോഗികളുടെ എണ്ണം അടിസ്ഥാനമാക്കി ജില്ലകളെ വിവിധ വിഭാഗങ്ങളായി തിരിക്കുന്ന രീതി നിർത്തലാക്കി.



## കേരളത്തിൽ 2524 പേർക്ക് കോവിഡ്; ടിപിആർ 7.27%, ആകെ മരണം 65,223

**തിരുവനന്തപുരം:** കേരളത്തിൽ 2524 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു എറണാകുളം 393, തിരുവനന്തപുരം 356, കോട്ടയം 241, കോഴിക്കോട് 220, കൊല്ലം 215, തൃശൂർ 205, ഇടുക്കി 160, പത്തനംതിട്ട 142, ആലപ്പുഴ 137, കണ്ണൂർ 121, മലപ്പുറം 113, വയനാട് 101, പാലക്കാട് 96, കാസർഗോഡ് 24 എന്നിങ്ങനേയാണ് ജില്ലകളിൽ രോഗ ബാധ സ്ഥിരീകരിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 34,680 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,05,780 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,03,592 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 2188 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 258 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.നിലവിൽ 29,943 കോവിഡ് കേസുകളിൽ, 7.2 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

## ആശ്വാസതീരത്ത്, യുക്രെയിനിൽ നിന്നുള്ള 25 മലയാളി വിദ്യാർത്ഥികൾ കൂടി തിരുവനന്തപുരത്തെത്തി

തിരുവനന്തപുരം: യുദ്ധം രൂക്ഷമായ യുക്രെയിനിൽ നിന്നുള്ള 25 മലയാളി വിദ്യാർത്ഥികൾ കൂടി കേരളത്തിലെത്തി.മുംബയ് , ഡൽഹി വിമാനത്താവളങ്ങളിലെത്തിയ വിദ്യാർത്ഥികളാണ് വൈകിട്ട് 6.35 ഓടെ തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയത്. തങ്ങളെ തിരിച്ചെത്തിക്കാൻ പ്രയത്നിച്ച കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് വിദ്യാർത്ഥികൾ നന്ദി പറഞ്ഞു.വിദ്യാർത്ഥികളെ തിരുവനന്തപുരം ഡൊമസ്റ്റിക് എയർപോർട്ടിൽ മന്ത്രിമാരായ ആന്റണി രാജു,വി. ശിവൻകുട്ടി,ജില്ലാ കളക്ടർ നവ്ജ്യോത് ഖോസ,മേയർ ആര്യാ രാജേന്ദ്രൻ,ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ് കുമാർ, നോർക്ക വൈസ് ചെയർമാൻ പി.ശ്രീരാമകൃഷ്ണൻ, ബി.ജെ.പി ജില്ലാ പ്രസിഡന്റ് വി.വി.രാജേഷ് തുടങ്ങിയവർ സ്വീകരിച്ചു.നേരത്തെ യുക്രെയിനിൽ നിന്നും ഇന്ത്യ രക്ഷപ്പെടുത്തിയ പൗരൻമാരിൽ പതിനൊന്ന് മലയാളി വിദ്യാർത്ഥികൾ കൊച്ചിയിലെത്തിയിരുന്നു. നെടുമ്പാശേരി വിമാനത്താവളത്തിൽ ഉച്ചയോടെയാണ് ഇവർ എത്തിയത്. യുക്രെയിനിൽ നിന്നും മുംബയിലിറങ്ങിയ സംഘത്തിലുള്ളവരാണ് ഇവർ. വിമാനത്താവളത്തിൽ വിദ്യാർത്ഥികളെ സ്വീകരിക്കാൻ ബന്ധുക്കളടക്കമുള്ളവർ എത്തിയിരുന്നു. യുദ്ധമുഖത്ത് നിന്നും രക്ഷപ്പെട്ടവരെ ചേർത്ത് പിടിച്ചപ്പോൾ പലരും വിങ്ങിപ്പൊട്ടി. നോർക്ക മുൻകൈ എടുത്താണ് ഇവരെ മുംബയിൽ നിന്നും നാട്ടിലെത്തിച്ചത്. ഈ യാത്രാ ചിലവ് സംസ്ഥാന സർക്കാർ വഹിച്ചു.



## 'അവസാനം വരെ കാശി വിടില്ല, ജനങ്ങൾ എന്നെ ഉപേക്ഷിക്കില്ല'; ശത്രുക്കൾ തന്റെ മരണത്തിനായി പ്രാർത്ഥന നടത്തിയെന്ന്


**വാരാണസി:** തന്റെ മരണത്തിന് വേണ്ടി രാഷ്ട്രീയ എതിരാളികൾ കാശിയിൽ പ്രാർത്ഥന നടത്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രീയത്തിൽ ആളുകൾ എത്രത്തോളം താഴാമെന്ന് നാം ഇതിലൂടെ കണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇത്തരത്തിൽ വിവരം ലഭിച്ചപ്പോൾ തനിക്ക് സന്തോഷം തോന്നിയെന്നും മോദി അഭിപ്രായപ്പെട്ടു. 'അതിന്റെയർത്ഥം എന്റെ മരണംവരെ ഞാൻ കാശിവിടില്ല, ജനങ്ങൾ എന്നെ ഉപേക്ഷിക്കില്ല' വാരാണസിയിൽ നടന്ന ചടങ്ങിൽ മോദി അഭിപ്രായപ്പെട്ടു. യുപി തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുൻപ്തന്നെ കഴിഞ്ഞ ഒരു വർഷത്തോളമായി വാരാണസിയിൽ വിവിധ പരിപാടികളിൽ പ്രധാനമന്ത്രി പങ്കെടുക്കുന്നുണ്ട്. ഇത് തിരഞ്ഞെടുപ്പ് മുന്നിൽകണ്ടുള്ള ബിജെപിയുടെ രാഷ്ട്രീയ പരിപാടിയായിരുന്നു. ഇതിനെതിരായ സമാജ്വാദി പാർട്ടി അദ്ധ്യക്ഷൻ അഖിലേഷ് യാദവ് അന്ന് കടുത്ത പരിഹാസം ഉയർത്തിയിരുന്നു. ഒരുമാസമല്ല രണ്ടോ മൂന്നോ മാസം അവർക്ക് ബനാറസിൽ താമസിക്കാമെന്നും ആളുകൾ അവരുടെ അവസാന നാളുകളിൽ ഇവിടെയാണ് താമസിക്കുകയെന്നുമായിരുന്നു അഖിലേഷ് പറഞ്ഞത്. ഇതിനെതിരായായിരുന്നു മോദിയുടെ മറുപടി. പ്രധാനമന്ത്രിയുടെ സ്വന്തം മണ്ഡലമായ ഇവിടെ അഞ്ച് നിയമസഭാ സീറ്റുകളാണുള്ളത്. ഇതിൽ ഒരണ്ണം അപനാദളും നാലെണ്ണം ബിജെപിയുമാണ് വിജയിച്ചത്. സമാജ്വാദി പാർട്ടി സംസ്ഥാനം ഭരിച്ചിരുന്ന സമയത്ത് ഭീകരർ ഒരു ഭയവും കൂടാതെ നാട്ടിൽ പ്രവർത്തിച്ചിരുന്നതായി മോദി അഭിപ്രായപ്പെട്ടു.

02
28 തിങ്കൾ ഫെബ്രുവരി 2022
കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി



മഹാത്മാ ഗാന്ധി

## പിന്തുണയ്ക്കാം, ഇന്ധന മേഖലയിലെ മുന്നേറ്റങ്ങളെ

പരമ്പരാഗത ഊർജ സ്രോതസുകളെ വളരെ വലിയ തോതിലാണു നാം ആശ്രയിക്കുന്നത്. എണ്ണയും കൽക്കരിയും പ്രകൃതി വാതകവും പോലുള്ള ഇത്തരം സ്രോതസുകൾക്കു പരിമിതിയുണ്ടെന്നു തിരിച്ചറിഞ്ഞാണ് സൂര്യപ്രകാശം പോലെ ഉറവ വറ്റാത്ത ഊർജസ്രോതസുകളെ ആശ്രയിക്കാൻ തുടങ്ങിയത്.ഊർജ- ഇന്ധന ഉപയോഗം ഏറ്റവും കാര്യക്ഷമമായും കുറച്ചും കൊണ്ടുവരുന്നതിനുള്ള പരീക്ഷണങ്ങളും പ്രയോഗ രീതികളും ആധുനിക ലോകത്തിന് അത്യന്താപേക്ഷിതമാണ്. ഊർജ സ്രോതസുകൾ വലിയ തോതിൽ ചൂഷണം ചെയ്യുന്ന കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. വികസനത്തിനാവശ്യമായ മുഖ്യ ഘടകം തന്നെയാണ് ഊർജം. പരമ്പരാഗത ഊർജ സ്രോതസുകളെ വളരെ വലിയ തോതിലാണു നാം ആശ്രയിക്കുന്നത്. എണ്ണയും കൽക്കരിയും പ്രകൃതി വാതകവും പോലുള്ള ഇത്തരം സ്രോതസുകൾക്കു പരിമിതിയുണ്ടെന്നു തിരിച്ചറിഞ്ഞാണ് സൂര്യപ്രകാശം പോലെ ഉറവ വറ്റാത്ത ഊർജസ്രോതസുകളെ ആശ്രയിക്കാൻ തുടങ്ങിയത്.നിലവിലുള്ള രീതികളിൽ നിന്നു മാറി ഇന്ധനങ്ങൾ ഉപയോഗിക്കുന്നതു വഴി കൂടുതൽ പരിസ്ഥിതി സൗഹൃദമാവുകയും ചെലവു കുറയ്ക്കുകയും ചെയ്യുന്നത് ഒരു തുടർ പ്രക്രിയയാണ്. പൈപ്പ് ലൈൻ വഴിയുള്ള പ്രകൃതി വാതക വിതരണ പദ്ധതി, സോളാർ വൈദ്യുതി പദ്ധതികൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഡീസലിനും പെട്രോളിനും പകരം പുതിയ ഇന്ധനങ്ങൾ വാഹനങ്ങൾക്കായി ഉപയോഗിക്കുന്നതിലും വലിയ തോതിലുള്ള പരീക്ഷണങ്ങൾ രാജ്യത്തു നടക്കുന്നുണ്ട്. സൗരോർജ ഉപയോഗത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം കമ്പനി (സിയാൽ) കാഴ്ചവച്ച വിപ്ലവകരമായ മുന്നേറ്റം ഇതിനു മുൻപു പലപ്പോഴും പ്രകീർത്തിക്കപ്പെട്ടിട്ടുള്ളതാണ്. അവരുടെ ഒരു പുതിയ സൗരോർജ പ്ലാൻറ് കൂടി അടുത്തമാസം ആറിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. 12 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഈ പ്ലാൻറ് പയ്യന്നൂരിൽ 35 ഏക്കറിലായാണു പ്രവർത്തന സജ്ജമാകുന്നത്. രാജ്യത്ത് അധികം പരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത ഭൗമഘടനാനുസൃത സോളാർ പ്ലാൻറാണു പയ്യന്നൂരിലേത്. പ്രകൃതിയുടെ ഘടന അതേപടി നിലനിർത്തിയിരിക്കുന്നു. നിരപ്പാക്കിയ സ്ഥലത്തിലേതിനെക്കാൾ 35 ശതമാനം അധികം പാനലുകളെ ഇതുവഴി ഉൾക്കൊള്ളാനാവുന്നുണ്ട്. പയ്യന്നൂർ പ്ലാൻറ് കൂടി പ്രവർത്തന സജ്ജമാകുന്നതോടെ സിയാലിൻറെ സോളാർ പ്ലാൻറുകളിലെ മൊത്തം ശേഷി 50 മെഗാവാട്ട് പീക്കായി ഉയരും. ദിവസം രണ്ടു ലക്ഷം യൂണിറ്റ് വൈദ്യുതി സിയാലിൻറെ പ്ലാൻറുകളിൽ നിന്നു ലഭിക്കും. വിമാനത്താവളത്തിൻറെ പ്രതിദിന ആവശ്യം 1.6 ലക്ഷം യൂണിറ്റാണ്. അങ്ങനെ സിയാൽ സൗരോർജ വൈദ്യുതിയിൽ മിച്ചസ്ഥാപനമായി മാറും.  പൂർണമായും സൂര്യപ്രകാശം കൊണ്ട് പ്രവർത്തിക്കുന്ന ലോകത്തെ ആദ്യത്തെ വിമാനത്താവളമായി മാറിയതാണു മുൻപ് സിയാൽ. അതിപ്പോൾ പവർ- ന്യൂട്രൽ വിമാനത്താവളം എന്ന നിലയിൽ നിന്ന് പവർ- പോസിറ്റിവ് എന്ന നിലയിലേക്കു മാറുന്നു. മാനെജിങ് ഡയറക്റ്റർ എസ്. സുഹാസ് അവകാശപ്പെടുന്നതുപോലെ വലിയൊരു ചുവടു കൂടിയാണ് അവർ മുന്നേറുന്നത്. കഴിഞ്ഞ നവംബറിലാണ് കോഴിക്കോട് അരിപ്പാറയിൽ സ്ഥാപിച്ച സിയാലിൻറെ ജല വൈദ്യുതി നിലയം തുറന്നത്. ഇരുവഴിഞ്ഞി പുഴയ്ക്കു കുറുകെ 30 മീറ്റർ വീതിയിൽ കെട്ടിയ തടയണയിൽ നിന്ന് അര കിലോമീറ്റർ അകലെയുള്ള അരിപ്പാറ പവർ ഹൗസിലേക്ക് പെൻസ്റ്റോക്ക് കുഴൽ വഴി വെള്ളമെത്തിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതിയാണിത്. ഈ നിലയത്തിൽ നിന്ന് സീസണിൽ പ്രതിദിനം ലഭിക്കുന്ന ഒരു ലക്ഷം യൂണിറ്റ് വൈദ്യുതി സൗരോർജ പദ്ധതികൾക്കു പുറമേയാണ്. ഇനിയും ഇത്തരം മാതൃകാ പദ്ധതികൾ സിയാലിൻറേതായി ഉണ്ടാവട്ടെ. അതിന് എല്ലാ പ്രോത്സാഹനവും നൽകാൻ സർക്കാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയാറാവട്ടെ.മത്സ്യബന്ധന ബോട്ടുകളുടെ എൽപിജിയിലേക്കുള്ള മാറ്റമാണ് മറ്റൊരു പരിസ്ഥിതി സൗഹൃദ പദ്ധതി. സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിരിക്കുന്ന ഈ പദ്ധതി മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനച്ചെലവ് 50-55 ശതമാനം കുറയ്ക്കാൻ സഹായിക്കുന്നതാണ്. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ പൂനെ ആസ്ഥാനമായ വനസ് എൻജിനിയേഴ്സിൻറെ സഹകരണത്തോടെ മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്നതിനായി പ്രത്യേകം എൽപിജി കിറ്റുകൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്. വിഴിഞ്ഞത്തു കഴിഞ്ഞദിവസം ഇത് ഉപയോഗിച്ചുള്ള പരീക്ഷണം നടന്നത് മന്ത്രി സജി ചെറിയാൻ വിലയിരുത്തുകയുണ്ടായി. ഉയർന്ന ഇന്ധന വിലയിൽ നട്ടം തിരിയുന്ന പരമ്പരാഗത മത്സ്യബന്ധന മേഖലയ്ക്കു വലിയ ആശ്വാസമാണ് എൽപിജി ബോട്ടുകൾ.

പത്ത് എച്ച്പി എൻജിനുള്ള ബോട്ട് സാധാരണ നിലയിൽ ഒരു മണിക്കൂർ പ്രവർത്തിപ്പിക്കണമെങ്കിൽ 10 ലിറ്റർ വരെ മണ്ണെണ്ണ വേണം. ഇരുപതു ശതമാനത്തോളം മാലിന്യമായി വെള്ളത്തിൽ കലരുകയും ചെയ്യും. അതേസമയം, ഒരു മണിക്കൂർ ബോട്ട് പ്രവർത്തിപ്പിക്കാൻ 2.5 കെജിയുടെ എൽപിജി കിറ്റ് മതി. മണ്ണെണ്ണ, പെട്രോൾ എൻജിനുകൾ വളരെ എളുപ്പത്തിൽ എൽപിജിയിലേക്കു മാറ്റാൻ കഴിയുമെന്നാണ് ബന്ധപ്പെട്ടവർ അവകാശപ്പെടുന്നത്. മണ്ണെണ്ണയിൽ നിന്നുള്ള മാറ്റം മത്സ്യബന്ധന മേഖലയിൽ നല്ലൊരു പരിവർത്തനമാവും എന്നതിൽ സംശയമില്ല.

## റഷ്യക്കെതിരെ ആഞ്ഞടിച്ച് യൂട്യൂബ്

യുക്രൈനിൽ യുദ്ധം നടത്തുന്ന റഷ്യയ്ക്കെതിരെ നിലപാട് കടുപ്പിച്ച് യൂട്യൂബും. റഷ്യൻ സർക്കാരിന്റെ യൂട്യൂബ് ചാനലായ ആർടി, മറ്റ് റഷ്യൻ ചാനലുകൾ എന്നിവയ്ക്ക് ഇനി യൂട്യൂബിലെ പരസ്യത്തിലൂടെ പണം ലഭിക്കില്ല.റഷ്യൻ ചാലനുകൾ ഇനി റെക്കമെൻഡേഷനായി വരില്ലെന്നും അയുടെ റീച്ച് കുറയുമെന്നും യൂട്യൂബ് അറിയിച്ചു. ആർടി ഉൾപ്പെടെയുള്ള റഷ്യൻ ചാനലുകൾ യുക്രൈനിൽ ലഭ്യമാകില്ല. യുക്രൈൻ സർക്കാരിന്റെ അഭ്യർത്ഥന പ്രകാരമാണ് നടപടി. 2018 വരെയുള്ള രണ്ട് വർഷക്കാലത്ത് റഷ്യ യൂട്യൂബിൽ നിന്ന് മാത്രം സംബാധിച്ചത് 7 മില്യൺ ഡോളറിനും 32 മില്യൺ ഡോളറിനുമിടയിലായിരുന്നു.കടുത്ത സാമ്പത്തിക ഉപരോധം ഏർപ്പെടുത്തി റഷ്യയെ അധിനിവേശത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ലോകരാജ്യങ്ങൾ ശ്രമം തുടരുന്നതിനിടെ റഷ്യയ്ക്കെതിരായ നടപടികൾ കടുപ്പിച്ച് ഫേസ്ബുക്കും രംഗത്തെത്തിയിരുന്നു. റഷ്യൻ സർക്കാരുമായി ബന്ധപ്പെട്ട കമ്പനികളുടെ പരസ്യങ്ങൾക്കാണ് ഫേസ്ബുക്ക് വിലക്ക് ഏർപ്പെടുത്തിയത്. ക്രെംലിനുമായി ബന്ധപ്പെട്ട പേജുകൾക്കും ചാനലുകൾക്കും ഫേസ്ബുക്കിൽ നിന്നുള്ള മൊണറ്റൈസേഷനും അവസാനിപ്പിച്ചിട്ടുണ്ട്. ഫേസ്ബുക്കിന്റെ സുരക്ഷാ വിഭാഗത്തിന്റെ തലവൻ നതാനിയേൽ ഗ്ലെയ്ചറാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.റഷ്യൻ പൗരന്മാരുടെ അവകാശങ്ങൾ ഫേസ്ബുക്ക് മാനിക്കുന്നില്ലെന്നാണ് റഷ്യയുടെ ടെക് ആൻഡ് കമ്മ്യൂണിക്കേഷൻസ് റെഗുലേറ്റർ പ്രതികരിച്ചത്. വിലക്കിന്റെ വ്യക്തമായ കാരണങ്ങൾ കാണിക്കണമെന്ന് ആവശ്യപ്പെട്ട് റഷ്യ മെറ്റയ്ക്ക് കത്തയച്ചിരുന്നു. തങ്ങളുടെ എല്ലാ ആവശ്യങ്ങളും മെറ്റ അവഗണിച്ചെന്നും റഷ്യ അറിയിച്ചു.റഷ്യൻ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലുള്ള ചാനലുകളിൽ നിന്ന് പുറത്തെത്തുന്ന വിവരങ്ങൾക്ക് ഫേസ്ബുക്ക് കണ്ടന്റ് വാണിംഗ് ലേബൽ നൽകിത്തുടങ്ങിയത് റഷ്യയെ ചൊടിപ്പിച്ചിരുന്നു. ഇതിന് പിന്നാലെ പൗരന്മാർക്ക് ഫേസ്ബുക്ക് ഉപയോഗിക്കുന്നതിന് റഷ്യ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഇതിനോടുള്ള പ്രതികരണമായാണ് മൊണറ്റൈസേഷൻ നിർത്തലാക്കി ഫേസ്ബുക്ക് തിരിച്ചടിച്ചത്.സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ വഴിയുള്ള സ്വതന്ത്ര ഫാക്ട് ചെക്ക് നിർത്തണമെന്ന് റഷ്യ ഫേസ്ബുക്കിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിനും ഫേസ്ബുക്ക് വഴങ്ങിയിരുന്നില്ല. ഭരണകൂടത്തിന്റെ നിയന്ത്രണത്തിലുള്ള നാല് വാർത്താ മാധ്യമങ്ങളിലെ ഉള്ളടക്കങ്ങൾക്കെതിരെയായിരുന്നു ഫേസ്ബുക്ക് പ്രധാനമായും കണ്ടന്റ് വാണിംഗ് ലേബൽ നൽകിയിരുന്നത്.



# റഷ്യ വഴിയുള്ള രക്ഷാദൗത്യത്തിനായി ഇടപെടണം, പ്രധാനമന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി

**തിരുവനന്തപുരം:** റഷ്യൻ അധിനിവേശത്തെ തുടർന്ന് പ്രതിസന്ധിയിലായ യുക്രൈനിൽ കുടുങ്ങിയ മലയാളികളടക്കമുള്ള വിദ്യാർത്ഥികളെ തിരികെയെത്തിക്കാൻ വേഗത്തിൽ ഇടപെടണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി വിജയൻ . ഇത് രണ്ടാം തവണയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കേരളാ മുഖ്യമന്ത്രി കത്തയക്കുന്നത്. കിഴക്കൻ യുക്രൈനിലെ ബങ്കറുകളിലും മറ്റും കഴിയുന്ന വിദ്യാർത്ഥികൾ ഭക്ഷണവും വെള്ളവുമില്ലാതെ ബുദ്ധിമുട്ടിലാണ്. മാനസികമായും പ്രയാസമനുഭവിക്കുന്ന ഇവരെ റഷ്യ വഴി തിരികെയെത്തിക്കാനുള്ള നടപടിയെടുക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. പോളണ്ട്- യുക്രൈൻ അതിർത്തിയിലേക്ക് കൊടും തണുപ്പിനെ വകവെക്കാത ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് നടന്നെത്തുന്നത്. എന്നാൽ യുക്രൈൻ അധികൃതർ ഇവരെ കടത്തിവിടാൻ അനവദിക്കുന്നില്ല. യുക്രൈൻ സൈന്യത്തിൽ നിന്നും മലയാളികളടക്കമുള്ള വിദ്യാർത്ഥികൾക്ക് അതിക്രമവും നേരിടേണ്ടി വരുന്നു. ഇത് തടയുന്നതിന് വേണ്ടി എംബസി തലത്തിൽ ഇടപെടൽ വേണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

യുക്രൈൻ യുദ്ധഭൂമിയിൽ കുടുങ്ങിയ മലയാളികളടക്കമുള്ള ഇന്ത്യക്കാരുടെ രക്ഷാദൗത്യവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായും ചർച്ച നടത്തി. യുക്രൈനിൽ കുടുങ്ങിയ മലയാളികളിൽ നിന്ന് നിരവധി ദുരിത സന്ദേശങ്ങൾ ലഭിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. യുക്രൈനിന്റെ കിഴക്കു പ്രദേശങ്ങളായ കിയെവ്, ഖാർകിവ്, സുമി തുടങ്ങിയ ഇടങ്ങളിലെ ബങ്കറുകളിൽ അഭയം പ്രാപിച്ചവർക്ക് വെള്ളവും ഭക്ഷണവും അടിയന്തിരമായി എത്തിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. രക്ഷാദൗത്യത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുമെന്നും അതുവരെ ഇവർക്കായുള്ള എല്ലാ സഹായങ്ങളും കേന്ദ്രസർക്കാർ നൽകുമെന്നും മന്ത്രി ഉറപ്പുനൽകി.കൊടും തണുപ്പിൽ നടന്ന് പോളണ്ട് എത്തിയ വിദ്യാർത്ഥികളെ അതിർത്തി കടക്കാൻ യുക്രൈനിലെ ഉദ്യോഗസ്ഥർ അനുവദിക്കുന്നില്ലെന്നും ഇവർക്കെതിരെ പട്ടാളത്തെ ഉപയോഗിക്കുന്നുണ്ടെന്നുമുള്ള പരാതിയും മുഖ്യമന്ത്രി പങ്കുവെച്ചു. ഇത് പരിഹരിക്കാൻ യുക്രൈൻ ഭാഷ കൈകാര്യം ചെയ്യാൻ കഴിവുള്ള ഉദ്യോഗസ്ഥരെ എത്രയും പെട്ടെന്ന് അതിർത്തിയിലേക്ക് അയക്കണമെന്നും ആവശ്യപ്പെട്ടു. അതിർത്തിയിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അതിനു സാധിക്കുമെന്ന് വിദേശകാര്യ മന്ത്രി ഉറപ്പ് നൽകി. റഷ്യ വഴിയുള്ള രക്ഷാദൗത്യം സാധ്യമാക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ഇതിനായുള്ള എല്ലാ ശ്രമങ്ങളും നടത്തിവരുകയാണെന്ന് മന്ത്രി അറിയിച്ചു. ഇതുവരെയുള്ള രക്ഷാപ്രവർത്തനങ്ങൾ വിജയകരമായി നിർവഹിച്ച വിദേശകാര്യ മന്ത്രാലയത്തോടുള്ള നന്ദി മുഖ്യമന്ത്രി അറിയിച്ചു.



# പുടിൻ കാര്യങ്ങളെ പെരുപ്പിച്ച് കാട്ടുന്നു; റഷ്യയുടെ നീക്കത്തെ അപലപിച്ച് അമേരിക്ക

റഷ്യയുടെ നീക്കത്തെ അപലപിച്ച് അമേരിക്ക. റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ കാര്യങ്ങളെ പെരുപ്പിച്ച് കാട്ടുന്നു. യുക്രൈനിലെ ജനങ്ങൾക്ക് 54 മില്യൺ ഡോളർ അധിക സഹായം നൽകുമെന്നും അമേരിക്ക അറിയിച്ചു. മാരകമായ പ്രതിരോധ ആയുധങ്ങൾ വാങ്ങിക്കുന്നതിനായി യുക്രൈന് സാമ്പത്തിക സഹായം നൽകാൻ ആഗ്രഹിക്കുന്നതായി യുഎസ് ജനപ്രതിനിധി സഭ സപീക്കർ നാൻസി പെലോസി അറിയിച്ചിരുന്നു. റഷ്യയ്ക്ക് മേൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്താനാണ് അമേരിക്ക അടക്കമുള്ള പാശ്ചാത്യരാജ്യങ്ങളുടെ തീരുമാനം. അമേരിക്കയിലുള്ള റഷ്യൻ സമ്പത്തുകൾ മരവിപ്പിക്കും. നാല് റഷ്യൻ ബാങ്കുകൾക്ക് കൂടി അമേരിക്കയിൽ ഉപരോധം ഏർപ്പെടുത്തിയിട്ടുണ്ട്.യുക്രൈനിൽ റഷ്യ യുദ്ധം കടുപ്പിക്കവെ രാഷ്ട്രീയ തിരിച്ചടി നൽകാൻ ആഗോള സമ്മർദ്ദം ശക്തമാക്കിയിരിക്കുകയാണ് രാജ്യങ്ങൾ. റഷ്യയ്ക്ക് മേൽ ആഗോള സമ്മർദം ശക്തമാക്കാനാണ് യൂറോപ്യൻ യൂണിയൻ രാജ്യളടക്കമുള്ളവരുടെ തീരുമാനം. അമേരിക്ക, ഫ്രാൻസ് ജർമ്മനി ഇറ്റലി യു കെ കാനഡ എന്നീ രാജ്യങ്ങൾ സംയുക്തമായി ആഗോള സാമ്പത്തിക ശൃംഖലയായ സ്വിഫ്റ്റിൽ നിന്ന് റഷ്യൻ ബാങ്കുകളെ പുറത്താക്കാൻ തീരുമാനിച്ചിരുന്നു.നേരത്തെ ബ്രിട്ടനടക്കമുള്ള രാജ്യങ്ങൾ ഇതിന് യോജിപ്പറിയിച്ച് രംഗത്തെത്തിയിരുന്നു.കൂടാതെ യുഎൻ സെക്യൂരിറ്റി കൗൺസിലിൽ റഷ്യയുടെ വോട്ടവകാശം റദ്ദാക്കണമെന്ന് വ്ളാദിമിർ സെലെൻസ്കി ആവശ്യപ്പെട്ടിരുന്നു. റഷ്യൻ നീക്കം വംശഹത്യയായി കണക്കാക്കണം. റഷ്യൻ സൈനികരുടെ മൃതദേഹം തിരികെ നൽകാൻ വഴിയൊരുക്കണം. ഇവ യുഎൻ സെക്രട്ടറി ജനറലുമായി സംസാരിച്ചു എന്നും സെലെൻസ്കി ട്വീറ്റ് ചെയ്തിരുന്നു.ഇതിനിടെ ആണവായുധങ്ങൾ സജ്ജമാക്കാൻ സേനാതലവന്മാർക്ക് റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ നിർദേശം നൽകി. നാറ്റോയുടെ കടുത്ത നിലപാടിന് പിന്നാലെയാണ് തീരുമാനമെന്ന് പുടിൻ വ്യക്തമാക്കി. റഷ്യയ്ക്കെതിരെ പാശ്ചാത്യ രാജ്യങ്ങൾ കടുത്ത സാമ്പത്തിക ഉപരോധങ്ങൾ ഏർപ്പെടുത്തിയിരുന്നു.മുൻനിര നാറ്റോ അംഗങ്ങളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ റഷ്യയ്ക്കെതിരെ ആക്രമണാത്മക പ്രസ്താവനകൾ നടത്തുകയും ചെയ്തിരുന്നു.



# സിയാൽ സൗരോർജ്ജ പ്ലാന്റ് സമർപ്പണം ആറിന്

**നെടുമ്പാശേരി (കൊച്ചി):** കൊച്ചി രാജ്യാന്തര വിമാനത്താവള കമ്പനി (സിയാൽ) ഹരിത ഊർജ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ പയ്യന്നൂരിൽ സ്ഥാപിച്ച സൗരോർജ പ്ലാന്റ് മാർച്ച് 6ന് മുഖ്യമന്ത്രി നാടിന് സമർപ്പിക്കും. 12 മെഗാവാട്ട് ആണു സ്ഥാപിത ശേഷി. നെടുമ്പാശേരി വിമാനത്താവളത്തിലുള്ള 38 മെഗാവാട്ടിന്റെ സൗരോർജ പദ്ധതി കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും വലിയ സൗരോർജ പ്ലാന്റാണിത്. പയ്യന്നൂരിനടുത്ത് ഏറ്റുകുടുക്കയിലെ സൗരോർജ പ്ലാന്റിനടുത്തുള്ള വേദിയിലാണ് ഉദ്ഘാടനച്ചടങ്ങ്.ലോകത്ത് അധികം പരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത ഭൗമഘടനാനുസൃത പ്ലാന്റ് ആണ് പയ്യന്നൂരിൽ സ്ഥാപിച്ചിരിക്കുന്നത്. ഭൂമിയുടെ ഘടനയെ അതേ പടിയും കൃത്യതയോടെയും ഉപയോഗിക്കുന്നതിനാൽ നിരപ്പാർന്ന സ്ഥലത്തേക്കാൾ 35 ശതമാനം അധികം പാനലുകളെ ഉൾക്കൊള്ളാൻ കഴിയും. ഇതിനായി പ്രത്യേക തരത്തിൽ രൂപകൽപന ചെയ്ത പാനലുകളാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രതിദിനം 48,000 യൂണിറ്റ് വൈദ്യുതിയാണ് ഇവിടെ നിന്നു ലഭിക്കുക.നിലവിൽ കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ കാർപോർട്ട് ഉൾപ്പെടെ 8 പ്ലാന്റുകളാണ് ഉള്ളത്. പയ്യന്നൂരിലെ പുതിയ പ്ലാന്റ് ഉൾപ്പെടെ ഇപ്പോൾ സൗരോർജ സ്ഥാപിത ശേഷി 50 മെഗാവാട്ട് ആയി വർധിച്ചു. ഇതു വഴി പ്രതിവർഷം 28000 മെട്രിക് ടൺ കാർബൺ ഡയോക്സൈഡ് ബഹിർഗമനം കുറയ്ക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. പ്രതിദിനം 2 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ആകെ ലഭിക്കുന്നത്. സിയാലിന്റെ പ്രതിദിന ഉപഭോഗം 1.6 ലക്ഷം യൂണിറ്റ് ആണ്. ലോകത്തിലെ ആദ്യത്തെ സമ്പൂർണ സൗരോർജ വിമാനത്താവളമാണു സിയാൽ. ഇതിനു പുറമേ കഴിഞ്ഞ നവംബറിൽ കോഴിക്കോട് അരീപ്പാറയിൽ പ്രവർത്തനം ആരംഭിച്ച ജല വൈദ്യുത പദ്ധതിയിൽ നിന്ന് സീസണിൽ പ്രതിദിനം ഒരു ലക്ഷം യൂണിറ്റ് വൈദ്യുതിയും ലഭിക്കും. കെഎസ്ഇബി കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും വലിയ വൈദ്യുതോൽപാദകരാണു സിയാൽ.

പ്ലാന്റുകളിൽ ഉൽപാദിപ്പിക്കുന്ന അധിക വൈദ്യുതി കെഎസ്ഇബിയുടെ പവർ ഗ്രിഡിലേക്ക് നൽകുകയും ആവശ്യമുള്ളപ്പോൾ തിരിച്ചു ലഭിക്കുകയും ചെയ്യുന്ന പവർ ബാങ്കിങ് സമ്പ്രദായമാണ് സിയാൽ നടപ്പിലാക്കുന്നത്. 2015ൽ വിമാനത്താവളം ഊർജ സ്വയം പര്യാപ്തത കൈവരിച്ചതിനു ശേഷം വൈദ്യുതി ഉൽപാദന മേഖലയിലുള്ള വലിയ ചുവടുവയ്പ്പാണ് പയ്യന്നൂർ പദ്ധതി എന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ് പറഞ്ഞു.



# സിപിഎം സംസ്ഥാന സമ്മേളനം നാളെ മുതൽ കൊച്ചിയിൽ

**കൊച്ചി:** പ്രവർത്തന റിപ്പോർട്ടിനൊപ്പം പുതിയ കേരളത്തിന്റെ വികസന കാഴ്ചപ്പാടു കൂടി ചർച്ച ചെയ്യുന്ന സുപ്രധാന സംസ്ഥാന സമ്മേളനമാണു നാളെ കൊച്ചിയിൽ ആരംഭിക്കുന്നതെന്നു സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. നാളെ രാവിലെ 9.30നു പ്രതിനിധി സമ്മേളനത്തിനു മുന്നോടിയായി ആരാണു പതാക ഉയർത്തേണ്ടതെന്ന കാര്യം ഇന്നു വൈകിട്ടു 4നു ചേരുന്ന സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തീരുമാനിക്കും. പ്രതിനിധി സമ്മേളനം സിപിഎം ജനറൽ സെക്രട്ടറി സീതാറാം യച്ചൂരിയാണ് ഉദ്ഘാടനം ചെയ്യുക. 12.15നു പ്രവർത്തന റിപ്പോർട്ട് സംസ്ഥാന സെക്രട്ടറിയും 4 മണിക്കു നവകേരളം സംബന്ധിച്ച സിപിഎം നയരേഖ മുഖ്യമന്ത്രി പിണറായി വിജയനും അവതരിപ്പിക്കും. തുടർന്ന് 5.30നു ചർച്ചകളാരംഭിക്കും. രണ്ടാം തീയതി പൂർണമായും പ്രവർത്തന റിപ്പോർട്ടിനെക്കുറിച്ചും 3നു പൂർണമായും വികസന നയരേഖയെക്കുറിച്ചുമാകും ചർച്ച. 3നു വൈകിട്ട് രണ്ടു ചർച്ചകൾക്കുമുള്ള മറുപടി. മാർച്ച് 4നു പുതിയ സംസ്ഥാന കമ്മിറ്റിയെയും സെക്രട്ടറിയെയും കണ്ണൂരിൽ നടക്കാനിരിക്കുന്ന പാർട്ടി കോൺഗ്രസിലേക്കുള്ള പ്രതിനിധികളെയും പാർട്ടി കൺട്രോൾ കമ്മിഷനെയും തിരഞ്ഞെടുക്കും. 400 പ്രതിനിധികളും സംസ്ഥാന കമ്മിറ്റി അംഗങ്ങളും 23 നിരീക്ഷകരുമാണു സമ്മേളനത്തിൽ പങ്കെടുക്കുക. പുറമേ, ജനറൽ സെക്രട്ടറി സീതാറാം യച്ചൂരി, പിബി അംഗങ്ങളായ പ്രകാശ് കാരാട്ട്, എസ്.രാമചന്ദ്രൻ പിള്ള, പിണറായി വിജയൻ, ബൃന്ദ കാരാട്ട്, എം.എ.ബേബി, ജി.രാമകൃഷ്ണൻ എന്നിവരും പങ്കെടുക്കുമെന്നു കോടിയേരി അറിയിച്ചു.

**ഇത്തവണത്തേത് ഐക്യത്തോടെയുള്ള സംസ്ഥാന സമ്മേളനം: കോടിയേരി**

കൊച്ചി: ഒരുവിധ ഗ്രൂപ്പ് പ്രശ്നവുമില്ലാതെ ഐക്യത്തോടെ നടക്കുന്ന സമ്മേളനമെന്ന ചരിത്രപരമായ പ്രത്യേകത നാളെ ആരംഭിക്കുന്ന സിപിഎം സംസ്ഥാന സമ്മേളനത്തിനുണ്ടെന്നു സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. പാർട്ടിയിലെ ഐക്യം വിളംബരം ചെയ്യുന്ന സുപ്രധാന സമ്മേളനമാകുമിത്. എൽഡിഎഫിനു മൊത്തത്തിൽ തന്നെ സംസ്ഥാനത്തെ 50% ജനത്തിന്റെ പിന്തുണയില്ലെന്ന ബോധ്യം പാർട്ടിക്കുണ്ട്. അതു നേടിയെടുക്കുന്ന തരത്തിൽ പാർട്ടിയെ കൂടുതൽ കരുത്തുറ്റതും ജനപിന്തുണയുള്ളതുമാക്കുന്നതിനുള്ള നയരേഖകൾ ഈ സമ്മേളനം ചർച്ച ചെയ്യും. സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരുടെ അഭിപ്രായങ്ങൾ കേട്ടാകും വികസനരംഗത്തെ മുന്നേറ്റം. 'നവകേരള'ത്തെ സംബന്ധിച്ച സിപിഎം കാഴ്ചപ്പാടു വ്യക്തമാക്കുന്ന നയരേഖ മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനത്തിൽ അവതരിപ്പിക്കും. പ്രതിനിധികൾ അതു ചർച്ച ചെയ്യും. കൂടുതൽ നിക്ഷേപകർ കേരളത്തിൽ മുതൽമുടക്കാൻ സന്നദ്ധരാണിപ്പോൾ. യുജിസി അംഗീകാരമുള്ള സ്വകാര്യ സർവകലാശാലകൾ കേരളത്തിലേക്കു വരുന്നതിനെ സിപിഎം എതിർക്കില്ലെന്നും കോടിയേരി വ്യക്തമാക്കി. 75 വയസ്സു പൂർത്തിയാക്കിയവരെ കമ്മിറ്റികളിൽ നിന്ന് ഒഴിവാക്കുന്നുവെന്നതിനർഥം അവരെ ഉപേക്ഷിക്കുന്നു എന്നല്ലെന്നു കോടിയേരി ബാലകൃഷ്ണൻ. അവരെ സംസ്ഥാന കമ്മിറ്റിയുടെ തന്നെ ഭാഗമായ മറ്റ് ഉത്തരവാദിത്തങ്ങൾ ഏൽപിക്കും. വിദേശ നിക്ഷേപകരോട് ഉദാരസമീപനമെന്ന നിർണായക നയംമാറ്റത്തിനു സിപിഎം ഒരുങ്ങുന്നു. ഇതുൾപ്പെടെയുള്ള നിർദേശങ്ങളുമായി അടുത്ത 25 വർഷത്തെ കേരള വികസനത്തിനുള്ള സുപ്രധാന രേഖ നാളെ ആരംഭിക്കുന്ന സിപിഎം സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിക്കും. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിക്കുന്ന പ്രവർത്തന റിപ്പോർട്ടിനൊപ്പം 'നവകേരളത്തിനുള്ള വികസന കാഴ്ചപ്പാട്' എന്ന 40 പേജിലേറെ വരുന്ന രേഖയും പ്രതിനിധികൾക്കു നൽകും. സമ്മേളനശേഷം എൽഡിഎഫിലെ മറ്റു കക്ഷികൾക്കു രേഖ കൈമാറി തുടർനടപടികളിലേക്കു കടക്കും. പ്രവർത്തന റിപ്പോർട്ടിന്റെ കരടു ചർച്ച ചെയ്ത സംസ്ഥാന കമ്മിറ്റി യോഗമാണു വികസന രേഖയ്ക്കും രൂപം നൽകിയത്. അടിസ്ഥാന സൗകര്യ, ഉന്നതവിദ്യാഭ്യാസ മേഖലകളിൽ വലിയ പൊളിച്ചെഴുത്തിനാണു നിർദേശം. തൊഴിലാളികൾക്കും സാധാരണക്കാർക്കും പുറമേ, ഉയർന്ന ജീവിത നിലവാരവും ഉപരിവർഗ സാംസ്കാരിക വീക്ഷണവുമുള്ള വിഭാഗത്തിന്റെയും ആവശ്യങ്ങൾക്ക് ഊന്നൽ നൽകുന്നു. അസംഘടിത മേഖലയോടുള്ള സമീപനത്തിൽ വലിയ മാറ്റമുണ്ടാകും. വിദേശ സ്വകാര്യ നിക്ഷേപം രണ്ടു കയ്യുംനീട്ടി സ്വാഗതം ചെയ്യണം. ജപ്പാനിലെ പ്രമുഖ വാഹനക്കമ്പനി ഉൾപ്പെടെ മുതൽമുടക്കാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കടുംപിടിത്തം ഉപേക്ഷിച്ച് അവരെയെല്ലാം സ്വീകരിച്ചു കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വേണം. വിദേശ വായ്പയിലെ കാണാച്ചരടുകളെക്കുറിച്ചു മുന്നറിയിപ്പു നൽകിയിരുന്ന പാർട്ടിയുടെ നിലപാടിലുള്ള വൻമാറ്റമാണിത്. സ്വകാര്യ സർവകലാശാലകളെ സ്വാഗതം ചെയ്യുന്ന നയംമാറ്റവും രേഖ മുന്നോട്ടുവയ്ക്കുന്നതായാണ് വിവരം. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, അടിസ്ഥാനസൗകര്യം, സാങ്കേതികവിദ്യ, പൊതുവിതരണം, അധികാര വികേന്ദ്രീകരണം, കൃഷി, വ്യവസായം, പൊതുമേഖല, ക്രമസമാധാനം, പരിസ്ഥിതി സംരക്ഷണം, ശുചീകരണം, വൈദ്യുതി തുടങ്ങി ഓരോ മേഖലയിലും സർക്കാരിനും പാർട്ടിക്കും എന്തൊക്കെ ചെയ്യാമെന്നു രേഖ വിശദമാക്കുന്നു. കെ റെയിൽ സിൽവർലൈൻ പദ്ധതി എന്തു വില കൊടുത്തും നടപ്പാക്കും. നികുതി ഉൾപ്പെടെ വിഭവ സമാഹരണത്തിലും മറ്റും കേന്ദ്ര നിലപാട് സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കാനുള്ള വഴികളും രേഖയിലുണ്ട്. ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്), ഐടി മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങിയവയും ചർച്ച ചെയ്യുന്നു. മുൻപ് 1957ലെ തിരഞ്ഞെടുപ്പിനു മുൻപ് അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ 'പുതിയ കേരളം പടുത്തുയർത്താൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നിർദേശങ്ങൾ' എന്ന രേഖ അവതരിപ്പിച്ചിരുന്നു. ഇത് ആദ്യ തിരഞ്ഞെടുപ്പിൽ പാർട്ടിയുടെ പ്രകടനപത്രികയായി മാറുകയും ചെയ്തിരുന്നു.

**സ്ഥലംമാറ്റത്തിന് പൊതു മാനദണ്ഡം**

സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനു പൊതു മാനദണ്ഡം കൊണ്ടുവരണമെന്ന സുപ്രധാന നിർദേശവും വികസന രേഖയിലുണ്ട്. വ്യക്തിഗത താൽപര്യങ്ങൾ പരിഗണിച്ചു സ്പെഷൽ ഓർഡറുകളിലൂടെയും മറ്റും ഇഷ്ടപ്പെടുന്ന സ്ഥലങ്ങളിലേക്കു സ്ഥലംമാറ്റം തരപ്പെടുത്തുന്ന രീതി അവസാനിപ്പിക്കണമെന്നും ഇതു പാർട്ടിയെക്കുറിച്ച് അവമതിപ്പുണ്ടാക്കുന്നുവെന്നും രേഖ പറയുന്നു.


# പഴ്സനൽ സ്റ്റാഫ് വിഷയം ചർച്ചയായതിൽ ഗവർണർക്ക് തൃപ്തി; വിശദമായി പഠിച്ച് നടപടി

**തിരുവനന്തപുരം :** മന്ത്രിമാരുടെയും മറ്റും പഴ്സനൽ സ്റ്റാഫിനു പെൻഷൻ നൽകുന്നതു സംബന്ധിച്ച വിശദാംശങ്ങൾ ഗവർണർ ആരിഫ് മുഹമ്മദ് ഖാനു ചീഫ് സെക്രട്ടറി വി.പി.ജോയ് സമർപ്പിച്ചു. ഇതു പഠിച്ച ശേഷം ഗവർണർ തുടർ നടപടി സ്വീകരിക്കും.രണ്ടു വർഷം മാത്രം ജോലി ചെയ്ത പഴ്സനൽ സ്റ്റാഫിനു പെൻഷൻ നൽകുന്നത് അംഗീകരിക്കാനാവില്ലെന്നു വ്യക്തമാക്കിയ ഗവർണർ, വിശദാംശങ്ങൾ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുകയായയിരുന്നു. പെൻഷൻ നൽകുന്നതിനുള്ള വ്യവസ്ഥകളും പെൻഷൻ വാങ്ങുന്നവരുടെ വിശദാംശങ്ങളും മറ്റുമാണ് ഗവർണർക്കു കൈമാറിയത്. 'ഗവർണറുടേത് മോശം നടപടികൾ'; രൂക്ഷവിമർശനവുമായി സിപിഎം പഴ്സനൽ സ്റ്റാഫ് വിഷയം ഗവർണർ ഉന്നയിച്ചതോടെ സർക്കാർ തലത്തിലും ജനങ്ങൾക്കിടയിലും ഇതേക്കുറിച്ചു വ്യക്തമായ ധാരണയുണ്ടായി. ഇതു ചർച്ചയായി മാറിയതിൽ ഗവർണർ തൃപ്തനാണെന്ന് അറിയുന്നു. ഈ സാഹചര്യത്തിൽ സർക്കാർ സമർപ്പിച്ച കാര്യങ്ങൾ വിശദമായി പഠിച്ച ശേഷമായിരിക്കും ഗവർണറുടെ തുടർനടപടി. മറ്റു സംസ്ഥാനങ്ങളിൽ ഇല്ലാത്ത ഇത്തരം ആനുകൂല്യം തുടരാൻ പാടില്ലെന്നു ഗവർണർ നിർദേശിച്ചാൽ അതു പൂർണമായും തള്ളാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ സർക്കാരിനു ബുദ്ധിമുട്ടാകും. പെൻഷൻ രീതിയിൽ മാറ്റം വരുത്തുന്നതിനു സർക്കാരിനെ പ്രേരിപ്പിക്കുകയാണ് ഗവർണറുടെ ലക്ഷ്യം.അതേസമയം, പഴ്സനൽ സ്റ്റാഫ് പെൻഷൻ റദ്ദാക്കണമെന്ന് ഗവർണർ രേഖാമൂലം ആവശ്യപ്പെട്ടാൽ മന്ത്രിസഭ ചേർന്ന് അതു നിരസിക്കാൻ സാധിക്കും.




FILM WORLD





# അനൂപ് മേനോൻ നായകനായി എത്തുന്ന 21 ഗ്രാംസിലെ ആദ്യഗാനം എത്തി

അനൂപ് മേനോൻ നായകനായി എത്തുന്ന ത്രില്ലർ ചിത്രമായ 21 ഗ്രാംസിലെ ഗാനം പുറത്തിറങ്ങി. 'വിജനമാം താഴ്വാരം' എന്നതിന്റെ വീഡിയോ ഗാനമാണ് പുറത്തിറങ്ങിയത്. സൈന മ്യൂസിക്കിന്റെ യുട്യൂബ് ചാനലിലൂടെയാണ് പാട്ട് റിലീസ് ചെയ്തത്. ഒരു പക്കാ ഇൻവെസ്റ്റിഗേഷൻ ത്രില്ലർ ആണ് ചിത്രം. ചിത്രത്തിലെ ആദ്യഗാനമാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. വിനായത് ശശികുമാറിന്റെ വരികൾക്ക് ദീപക് ദേവ് ആണ് സംഗീതം നൽകിയിരിക്കുന്നത്. ഹരിശങ്കർ ആണ് ഗാനം ആലപിച്ചിരിക്കുന്നത്. റിലീസ് ചെയ്തതിനു പിന്നാലെ വലിയ പ്രശംസയാണ് ഗാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്.ദി ഫ്രണ്ട് റോ പ്രൊഡക്ഷൻസിന്റെ ബാനറിൽ നവാഗതനായ ബിബിൻ കൃഷ്ണ എഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് 21 ഗ്രാംസ്. ഏറെ പ്രതീക്ഷയോടെ പ്രേക്ഷകർ കാത്തിരിക്കുന്ന ഒരു ചിത്രമാണിത്. ഇപ്പോൾ റിലീസ് ചെയ്തിരിക്കുന്ന വിജനമാം താഴ്വാരം ചിത്രത്തിലെ ടൈറ്റിൽ ഗാനമായിട്ടാണ് ഒരുക്കിയിരിക്കുന്നത്. ഗാനരംഗത്തിൽ സംഗീതസംവിധായകൻ ദീപക് ദേവിനെയും ഗായകൻ കെ എസ് ഹരിശങ്കറിനെയും കാണാൻ കഴിയും. കൂടാതെ സിനിമയിലെ ചില ദൃശ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. മാർച്ച് പതിനെട്ടിന് ചിത്രം റിലീസ് ചെയ്യും. ഇൻവെസ്റ്റിഗേഷൻ ത്രില്ലർ എന്നതിനൊപ്പം തന്നെ ഒരു ഇമോഷണൽ ഡ്രാമ കൂടി ആയിരിക്കും ഈ ചിത്രമെന്ന സൂചനയാണ് ഇന്ന് റിലീസ് ചെയ്ത ഗാനത്തിൽ നിന്ന് വ്യക്തമാകുന്നത്. ക്രൈംബ്രാഞ്ച് ഡിവൈ എസ് പി നന്ദകിഷോർ എന്ന കഥാപാത്രമായി അനൂപ മേനോൻ എത്തുന്നു. ലെന, സംവിധായകൻ രഞ്ജിത്, രൺജി പണിക്കർ, ലിയോണ ലിഷോയ്, ലെന, അനു മോഹൻ, മാനസ രാധാകൃഷ്ണൻ, നന്ദു, ശങ്കർ രാമകൃഷ്ണൻ, പ്രശാന്ത് അലക്സാണ്ടർ, ചന്തുനാഥ്, മറീന മൈക്കിൾ, വിവേക് അനിരുദ്ധ് എന്നിവരാണ് മറ്റ് അഭിനേതാക്കൾ. ക്യാമറ ജിത്തു ദാമോദർ, എഡിറ്റിംഗ് അപ്പു എൻ ഭട്ടതിരി, പ്രൊഡക്ഷൻ ഡിസൈനർ സന്തോഷ് രാമൻ.





# 'ക്ലാസ്' ആയി എത്തുന്ന മൈക്കിളിനെ 'മാസ്' ആയി തിയറ്ററുകൾ വരവേൽക്കും

സിനിമാപ്രേമികൾക്കും അണിയറപ്രവർത്തകർക്കും സന്തോഷം നൽകുന്ന വാർത്തയുമായി സംസ്ഥാന സർക്കാർ. മാർച്ച് ഒന്നുമുതൽ സംസ്ഥാനത്തെ മുഴുവൻ തിയറ്ററുകൾക്കും 100 ശതമാനം സിറ്റിങ്ങ് കപ്പാസിറ്റിയിൽ പ്രവർത്തിക്കാം. കോവിഡ് നിയന്ത്രണങ്ങളിൽ സംസ്ഥാന സർക്കാർ ഇളവ് വരുത്തിയതോടെയാണ് ഇത്. സംസ്ഥാനത്ത് കോവിഡ് കേസുകളിൽ കാര്യമായ കുറവുണ്ടായ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ ഇത്തരമൊരു പ്രഖ്യാപനം നടത്തിയത്. ഇതോടെ തിയറ്ററുകൾ പഴയ ആവേശത്തിലേക്ക് മടങ്ങിയെത്തും.പ്രഖ്യാപിച്ച അന്നുമുതൽ സിനിമാപ്രേമികൾ ആവേശത്തോടെ കാത്തിരിക്കുന്ന ചിത്രമാണ് ഭീഷ്മ പർവം. മമ്മൂട്ടിയെ നായകനാക്കി അമൽ നീരദ് സംവിധാനം ചെയ്ത ചിത്രം ഇതുവരെയുള്ള മമ്മൂട്ടി ചിത്രങ്ങളേക്കാൾ ഹൈപ്പോടെയാണ് എത്തുന്നത്. ബിഗ് ബി എന്ന ചിത്രത്തിനു ശേഷം മമ്മൂട്ടിയെ നായകനാക്കി അമൽ നീരദ് സംവിധാനം ചെയ്യുന്ന ചിത്രമാണ് ഭീഷ്മ പർവ്വം. പതിനാല് വർഷത്തിനു ശേഷമാണ് മമ്മൂട്ടിയും അമൽ നീരദും ഒന്നിക്കുന്നത് എന്ന പ്രത്യേകതയും ഈ ചിത്രത്തിനുണ്ട്.കോവിഡ് വ്യാപനത്തെ തുടർന്ന് സംസ്ഥാനത്തെ തിയറ്ററുകളിൽ സിറ്റിംഗ് കപ്പാസിറ്റി 50% ആയി കുറച്ചിരുന്നു. മാർച്ച് മൂന്നിനാണ് ഭീഷ്മ പർവ്വം റിലീസ് ചെയ്യുന്നത്. മാർച്ച് ഒന്ന് മുതൽ സംസ്ഥാനത്തെ തിയറ്ററുകളിൽ 100% സിറ്റിംഗ് കപ്പാസിറ്റിയുണ്ട്. ഇതോടെ നിറഞ്ഞ തിയറ്ററുകളിലേക്ക് ആയിരിക്കും മൈക്കിളും കൂട്ടരും എത്തുക. അമൽ നീരദ് തന്നെ നിർമ്മിച്ചിരിക്കുന്ന ഈ ചിത്രത്തിന്റെ രചന അമൽ നീരദും നവാഗതനായ ദേവ്ദത്ത് ഷാജിയും ചേർന്നാണ്. വമ്പൻ താരനിരയാണ് ഭീഷ്മപർവ്വത്തിൽ മമ്മൂട്ടിക്ക് ഒപ്പം അണിനിരക്കുന്നത്. യുവതാരങ്ങളായ ശ്രീനാഥ് ഭാസി, ഷൈൻ ടോം ചാക്കോ, സൗബിൻ ഷാഹിർ, മാല പാർവതി, നദിയ മൊയ്തു എന്നിവരാണ് ഇതിലെ മറ്റ് പ്രധാന അഭിനേതാക്കൾ.




# മഹാരാഷ്ട്രയിൽ ഇവി വിൽപ്പന 157 ശതമാനം ഉയർന്നു

2021ലെ ഇവി പോളിസി പുറത്തിറക്കിയതിന് ശേഷം സംസ്ഥാനത്ത് ഇവി രജിസ്ട്രേഷൻ 157 ശതമാനം വർധിച്ചതായി മഹാരാഷ്ട്രയുടെ ടൂറിസം, പരിസ്ഥിതി മന്ത്രി ആദിത്യ താക്കറെ ഇൻസ്റ്റാഗ്രാമിൽ പറഞ്ഞു.മുംബൈയിൽ മാത്രം 2019-2020ൽ 7,400 ഇവികൾ രജിസ്റ്റർ ചെയ്തു. ഇത് 2020-2021ൽ 9,461 ഇവികളായി ഉയർന്നു. 2021 ജൂലൈയിൽ സർക്കാർ നയം പുറത്തിറക്കിയ ശേഷം 24,215 ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും താക്കറെ പറഞ്ഞു.2021ലെ ഇവി പോളിസി പ്രകാരം, വാഹന ബാറ്ററി ശേഷിയുടെ ഒരു സണവന് 5,000 രൂപ മഹാരാഷ്ട്ര സർക്കാർ ഇൻസെന്റീവ് വാഗ്ദാനം ചെയ്യുന്നു. ഇരുചക്ര വാഹനങ്ങൾക്കും മുച്ചക്ര വാഹനങ്ങൾക്കും പരമാവധി ഇൻസെന്റീവ് യഥാക്രമം 10,000 രൂപയും 30,000 രൂപയുമാണ്.അതേസമയം, നാല് ചക്ര വാഹനങ്ങൾക്ക് പരമാവധി ഇൻസെന്റീവ് 1.50 ലക്ഷം രൂപയാക്കി. വാങ്ങുന്നവർക്ക് നേരത്തെയുള്ള ബേർഡ് ഇൻസെൻറീവ് (ഡിസംബർ 31, 2021-ന് മുമ്ബ് വാഹനം വാങ്ങുമ്ബോൾ) മറ്റ് നിരവധി ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. 2025 ഓടെ ഒരു വർഷം പുതിയ വാഹന രജിസ്ട്രേഷനുകളുടെ 10 ശതമാനം അല്ലെങ്കിൽ 3,00,000 ജൂഢകളിലേക്ക് ഇവികൾ സംഭാവന ചെയ്യുക എന്നതാണ് പോളിസിയുടെ ലക്ഷ്യം.ആദ്യകാല ബേർഡ് ഇൻസെൻറീവ് പദ്ധതി പ്രകാരം, ഇന്ത്യയിലെ ഏറ്റവും താങ്ങാനാവുന്ന മാസ് മാർക്കറ്റ് ഇലക്ട്രിക് കാറായ ടിഗോർ ഇവിയുടെ വില 2.30 ലക്ഷം രൂപ വരെ കുറഞ്ഞു. അതേസമയം, തിരഞ്ഞെടുത്ത നെക്സോൺ ഇവി വേരിയന്റുകൾക്ക് ഈ സ്കീമിന് കീഴിൽ 2.50 ലക്ഷം രൂപ വരെ ഇൻസെന്റീവുകൾ ലഭിക്കും. നെക്സോൺ ഇവിക്ക് നിലവിൽ ആറ് മാസത്തെ കാത്തിരിപ്പ് കാലാവധിയുണ്ട്. ടിഗോർ ഇവി വെറും ഒരു മാസത്തിനുള്ളിൽ ഡെലിവർ ചെയ്യപ്പെടുമെന്ന് ഡീലർ വൃത്തങ്ങൾ അറിയിച്ചു.

# ജീപ്പ് ഇന്ത്യയുടെ ഏറ്റവും പുതിയ വാഹനം എത്തുന്നു



ജീപ്പ് ഇന്ത്യയുടെ ഏറ്റവും പുതിയ വാഹനം എത്തുന്നു. ഇന്ത്യൻ വിപണിയിൽ മെറിഡിയൻ എന്നും രാജ്യാന്തര വിപണിയിൽ കമാൻഡർ എന്നുമായിരിക്കും വാഹനത്തിന്റെ പേര്.ഈ വർഷം തന്നെ പുതിയ വാഹനം വിപണിയിലെത്തിക്കുമെന്നാണ് ജീപ്പ് അറിയിക്കുന്നത്. പുതിയ മോഡലുകളുടെ നിർമാണത്തിനായി ഏകദേശം 1870 കോടി രൂപ പുണെയിലെ പ്ലാന്റിൽ നിക്ഷേപിക്കുമെന്നും കമ്ബനി അറിയിക്കുന്നു.ബ്രസീലിയൻ വിപണിയിലെത്തുന്ന വാഹനത്തിന്റെ എൻജിൻ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. കോംപസിലെ രണ്ടു ലീറ്റർ, നാലു സിലിണ്ടർ ഡീസൽ എൻജിന്റെ കരുത്തേറിയ വകഭേദമാവും മെറിഡിയനിൽ എന്നാണ് പ്രതീക്ഷ. കോംപസിലെ 170 ബിഎച്ച്പിക്കു പകരം 200 ബിഎച്ച്പിയോളം കരുത്ത് സൃഷ്ടിക്കുംവിധമാവും ഈ എൻജിന്റെ ട്യൂണിങ് എന്നു കരുതുന്നു. ഒൻപതു സ്പീഡ്, ടോർക് കൺവെർട്ടർ ഓട്ടമാറ്റിക് ഗീയർബോക്സ് മാത്രമാവും ട്രാൻസ്മിഷൻ സാധ്യത.മികച്ച മലിനീകരണ നിയന്ത്രണത്തിനും ഉയർന്ന ഇന്ധനക്ഷമതയ്ക്കുമായി ബെൽറ്റ് ഡ്രിവൺ സ്റ്റാർട്ടർ ജനറേറ്റർ സഹിതം 48 വോൾട്ട് മൈൽഡ് ഹൈബ്രിഡ് സാങ്കേതികവിദ്യയും മെറിഡിയനിലുണ്ടാവും. മെറിഡിയൻ എന്ന പേരിൽ ഏഴു സീറ്റുമായി എത്തുമ്ബോഴും എസ്യുവിയിലെ ബോഡി പാനലുകളടക്കം കോംപസിൽ നിന്നു കടം കൊണ്ടവയാകും.പുത്തൻ മോഡലുകളായ ഗ്രാൻഡ് ചെറോക്കീ എൽ, ഗ്രാൻഡ് വാഗണീർ എന്നിവയിലെപ്പോലെ നീളമേറിയ വാതിലുകളാണ് 'മെറിഡിയനി'ലും. പിൻ ടെയിൽ ഗേറ്റിൽ തിരശ്ചീനമായി ഘടിപ്പിച്ച എൽഇഡി ടെയിൽ ലാംപുകളുമുണ്ട്. എസി വെന്റ് ഉള്ള സീറ്റ്, പനോരമിക് സൺറൂഫ്, വലുപ്പമേറിയ ടച്ച് സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സംവിധാനം, ഡിജിറ്റൽ ഇൻസ്ട്രമെന്റ് ക്ലസ്റ്റർ തുടങ്ങി പരിഷ്കരിച്ച കോംപസിലെ സൗകര്യങ്ങളും സംവിധാനങ്ങളുമെല്ലാം മെറിഡിയനിലും ഉണ്ടാകും. മെറിഡിയന്റെ വില സംബന്ധിച്ച സൂചനകളൊന്നും ലഭ്യമല്ല.




# മോട്ടോറോളയുടെ പുതിയ സ്മാർട്ഫോൺ എഡ്ജ് 30 പ്രോ എത്തി


മോട്ടോറോളയുടെ പുതിയ ഫ്ളാഗ്ഷിപ്പ് സ്മാർട്ഫോൺ എഡ്ജ് 30 പ്രോ പുറത്തിറക്കി. മോട്ടോറോള എഡ്ജ് 30 പ്രോയ്ക്ക് 49,999 രൂപയാണ് വില.ഫ്ളിപകാർട്ടിൽ മാർച്ച് നാലിന് വിൽപന ആരംഭിക്കും. ഫ്ളിപ്കാർട്ടിൽ എസ്ബിഐ ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് 5,000 രൂപ ഡിസ്കൗണ്ട് ലഭിക്കും. റീട്ടെയിൽ സ്റ്റോറുകളിൽ എസ്ബിഐ ക്രെഡിറ്റ് കാർഡുകളിൽ 5000 രൂപ കാഷ്ബാക്ക് ആയി ലഭിക്കും. ഇതുവഴി ഫോൺ 44,999 രൂപയ്ക്ക് വാങ്ങാനാവും. കൂടാതെ മോട്ടോറോള എഡ്ജ് പ്രോ ഉപഭോക്താക്കൾക്ക് 10000 രൂപ വിലമതിക്കുന്ന റിലയൻസ് ജിയോ ആനുകൂല്യങ്ങളും ലഭിക്കും. പ്രീമിയം ത്രീഡി സാറ്റിൻ മാറ്റ് ഗ്ലാസ് ആണിതിന്. 6.7 ഇഞ്ച് 10 ബിറ്റ് ഒഎൽഇഡി എച്ച്ഡിആർ10 പ്ലസ് ഡിസ്പ്ലേയാണ് മോട്ടോറോള എഡ്ജ് 30 പ്രോയ്ക്ക്. ഐപി52 റേറ്റിങ് ഉള്ള വാട്ടർ ഡസ്റ്റ് റസിസ്റ്റൻസും ഫോണിനുണ്ട്. 144 ഹെർട്സ് റിഫ്രഷ് റേറ്റുണ്ട് സ്ക്രീനിന്. ക്വാൽകോം സ്നാപ്ഡ്രാഗൺ 8 ജെൻ വൺ പ്രൊസസറിൽ 8ജിബി എൽപിഡിഡിആർ5 റാം, 128 ജിബി യുഎഫ്എസ് 3.1 സ്റ്റോറേജ് എന്നിവയുണ്ട്. 5ജി കണക്റ്റിവിറ്റിയുള്ള ഫോണിൽ 13 5ജി ബാൻഡുകൾ പിന്തുണയ്ക്കും.ട്രിപ്പിൾ റിയർ ക്യാമറയിൽ 50 എംപി പ്രൈമറി സെൻസറും, 50 എംപി വൈഡ് ക്യാമറയുമാണുള്ളത്. മൂന്നാമത്തെ ക്യാമറ മാക്രോ ക്യാമറയാണ്. എച്ച്ഡിആർ10 പ്ലസ് ഫോർമാറ്റിൽ 8കെ വീഡിയോകൾ റെക്കോർഡ് ചെയ്യാൻ ഇതിൽ സാധിക്കും. 60 എംപി ആണ് സെൽഫി കാമറ. ഡോൾബി അറ്റ്മോസ് സർട്ടിഫിക്കേഷനുള്ള സ്റ്റീരിയോ സ്പീക്കറുകളാണിതിന്. 4800 എംഎഎച്ച് ബാറ്ററിയിൽ 68 വാട്ട് ടർബോ ചാർജിങ് സൗകര്യമുണ്ട്. 15 മിനിറ്റിൽ 50 ശതമാനം ചാർജ് ചെയ്യാനാവും.





# ഇല്ലിനോയ് സംസ്ഥാനം സ്ക്കൂൾ മാൻഡേറ്റ് ഫെബ്രുവരി 28 മുതൽ നീക്കം ചെയ്യുന്നു

**ചിക്കാഗൊ:** ഇല്ലിനോയ് സുപ്രീം കോടതി സ്ക്കൂൾ മാൻഡേറ്റ് തുടരണമെന്ന് ഗവർണ്ണർ പ്രിറ്റ്സക്കറുടെ അപേക്ഷ കേൾക്കാൻ വിസമ്മതിച്ചതോടെ ഫെബ്രുവരി 28 തിങ്കളാഴ്ച മുതൽ സംസ്ഥാനത്തെ സ്ക്കൂളുകളിലെ മാസ്ക്ക് മാൻഡേറ്റ് അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു. ഫെബ്രുവരി 25 വെള്ളിയാഴ്ച സി.ഡി.സി.യുടെ പുതിയ മാസ്ക് മാൻഡേറ്റ് പ്രഖ്യാപിച്ചതിന് തൊട്ടുപുറകെ യാണ് ഗവർണ്ണർ സ്ക്കൂൾ മസാക് മാൻഡേറ്റ് നീക്കം ചെയ്യുന്ന ഉത്തരവിറക്കിയത്.സ്ക്കൂൾ മാസ്ക്ക് മാൻഡേറ്റ് ഭാവിയിൽ വേണ്ടി വരുമോ എന്നത് പിന്നീട് ആലോചിച്ചു തീരുമാനിക്കുമെന്നും ഗവർണ്ണർ പറഞ്ഞു. ഇൻഡോർ മാസ്ക്ക് വേണ്ടെന്നവക്കുകയും, കോവിഡ് 19 അതിവ്യാപന മേഖലയിൽ മാത്രം മാസ്ക്ക് ധരിച്ചാൽ മതി എന്ന സി.ഡി.സി.യുടെ പുതിയ തീരുമാനം സ്വാഗതാർഹമാണെന്നും, ഇല്ലിനോയ്സിലെ എല്ലാ സ്ക്കൂൾ ഡിസ്ട്രിക്ടുകളും സി.സി.സി. മാനദണ്ഡങ്ങൾ പാലിക്കണമെന്നും ഗവർണ്ണർ അഭ്യർത്ഥിച്ചു.സംസ്ഥാന വ്യാപകമായി മാസ്ക് മാൻഡേറ്റ് നീക്കം ചെയ്യുന്നതും തിങ്കളാഴ്ച മുതൽ നിലവിൽ വരുമെന്നും ഗവർണ്ണർ പറഞ്ഞു. സംസ്ഥാനത്തെ 852 സ്ക്കൂൾ ഡിസ്ട്രിക്റ്റുകളഇൽ 700ലധികം സ്ക്കൂൾ മാ സ്ക് മാൻഡേറ്റ് നീക്കം ചെയ്യുന്നതും തിങ്കള ാഴ്ച മുതൽ നിലവിൽ വരുമെന്നും ഗവർണ്ണർ പറഞ്ഞു.സംസ്ഥാനത്തെ 852 സ്ക്കൂൾ ഡിസ്ട്രിക്റ്റുകളിൽ 700 ലധികം സ്ക്കൂൾ മാസ്ക് മാൻഡേറ്റ് ഓപ്ഷണൽ ആക്കിയിരുന്നു. പാൻഡമിക്ക് ആരംഭിച്ചതു മുതൽ ഉയർന്നു വന്ന കോവിഡ് കേസ്സുകൾ ഗണ്യമായി കുറഞ്ഞിരിക്കുന്നു. ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന രോഗികളുടെ എണ്ണത്തിലും കുറവുവന്നിട്ടുണ്ട്. അതോടൊപ്പം വാക്സിനേഷൻ സ്വീകരിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. ഈ സാഹചര്യങ്ങൾ എല്ലാം വിലയിരുത്തിയാണ് ഫെബ്രുവരി 28 മുതൽ സംസ്ഥാനത്തു മസാക് മാൻഡേറ്റ് പിൻവലിക്കണമെന്നും ഗവർണ്ണർ അറിയിച്ചു.



# ഖത്തറിൽ കൊവിഡ് നിബന്ധനകൾ ലംഘിച്ചതിന് 345 പേർക്കെതിരെ നടപടി

**ദോഹ:** ഖത്തറിൽ കൊവിഡ് നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കെതിരെ ആഭ്യന്തര മന്ത്രാലയം നടപടികൾ ശക്തമാക്കുന്നത് തുടരുന്നു. നിയമം ലംഘിച്ച 357 പേർ കൂടി വെള്ളിയാഴ്ച പിടിയിലായതായി അധികൃതർ അറിയിച്ചു. ഇവരിൽ 345 പേരെയും മാസ്ക് ധരിക്കാത്തതിനാണ് അധികൃതർ പിടികൂടിയത്.മൊബൈലിൽ ഇഹ്തിറാസ് ആപ്ലിക്കേഷൻ ഇല്ലാതിരുന്നതിന് 12 പേരെയാണ് അധികൃതർ പിടികൂടിയത്. പിടിയിലായ എല്ലാവരെയും തുടർ നടപടികൾക്കായി പ്രോസിക്യൂഷന് കൈമാറി. കൊവിഡ് നിയന്ത്രണങ്ങൾ ലംഘിച്ചതിന്റെ പേരിൽ ഖത്തറിൽ ഇതുവരെ ആയിരക്കണക്കിന് ആളുകളെയാണ് ആഭ്യന്തര മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ പിടികൂടി പ്രോസിക്യൂഷന് കൈമാറിയിട്ടുള്ളത്.ക്യാബിനറ്റ് തീരുമാനത്തിന് അനുസൃതമായാണ് നടപടി സ്വീകരിച്ചതെന്ന് അധികൃതർ അറിയിച്ചു. എല്ലാ പൊതു സ്ഥലങ്ങളിലും മാസ്ക് ധരിക്കണമെന്നത് രാജ്യത്ത് നിർബന്ധമാണ്. മാസ്ക് ധരിക്കാത്തതുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്ക് സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള 1990ലെ 17-ാം നമ്പർ ഉത്തരവ് പ്രകാരമാണ് നടപടിയെടുക്കുക. ഇതുവരെ ആയിരക്കണക്കിന് പേരെയാണ് ഇത്തരത്തിൽ അധികൃതർ പിടികൂടി തുടർ നടപടികൾക്കായി പ്രോസിക്യൂഷന് കൈമാറിയിട്ടുള്ളതെന്ന് ആരോഗ്യ മന്ത്രാലയം പുറത്തിറക്കിയ പ്രസ്താവനയിൽ അറിയിച്ചു.



# കുവൈത്തിന്റെ കര അതിർത്തി പോയിന്റുകൾ മുഴുവൻ സമയവും തുറന്നു

**കുവൈത്ത് സിറ്റി:** കുവൈത്തിന്റെ കര അതിർത്തി പോയിന്റുകൾ 24 മണിക്കൂറും തുറന്നു. ആരോഗ്യ മന്ത്രാലയവുമായി സഹകരിച്ച് കുവൈത്ത് ആഭ്യന്തര മന്ത്രാലയമാണ് ഇതിനുള്ള നടപടികൾ സ്വീകരിച്ചത്. കുവൈത്തിലേക്ക് വരുന്ന യാത്രക്കാർക്കും കുവൈത്തിൽ നിന്ന് പുറത്തേക്ക് പോകുന്നവർക്കും 24 മണിക്കൂറും ഇനി അതിർത്തി കടക്കാം.എല്ലാ യാത്രക്കാരെയും 24 മണിക്കൂറും അതിർത്തി കടക്കാൻ അനുമതി നൽകുമെന്ന് ആഭ്യന്തര മന്ത്രാലയം പുറത്തിറക്കിയ അറിയിപ്പിൽ പറയുന്നു. എന്നാൽ ആരോഗ്യ മന്ത്രാലയം നിർദേശിച്ചിട്ടുള്ള എല്ലാ ആരോഗ്യ സുരക്ഷാ മാർഗനിർദേശങ്ങളും പാലിക്കണമെന്നും അറിയിച്ചിട്ടുണ്ട്.



# യുക്രെയിൻ അഭയാർത്ഥികളെ സ്വാഗതം ചെയ്ത് ന്യുയോർക്ക് ഗവർണർ

**ന്യുയോർക്ക് :** റഷ്യ - യുക്രെയിൻ യുദ്ധ ഭീതിയിൽ രാജ്യത്ത് നിന്നും പലായനം ചെയ്യേണ്ടി വരുന്ന അഭയാർത്ഥികളെ രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുവാൻ തയ്യാറാണെന്ന് ന്യുയോർക്ക് ഗവർണർ ഹോച്ചൽ. ഫെബ്രു. 25 വെള്ളിയാഴ്ചയാണ് ഇത് സംബന്ധിച്ച് ഗവർണർ പ്രസ്താവന ഇറക്കിയത് . നദിയുടെ തീരത്ത് തലയുയർത്തി നിൽക്കുന്ന സ്റ്റാച്യു ഓഫ് ലിബർട്ടി നൽകുന്ന സന്ദേശം ഞങ്ങൾ അഭയാർത്ഥികളെ സ്വാഗതം ചെയ്യുന്നു എന്നതാണ് ഗവർണർ പറഞ്ഞു . ഞങ്ങളുടെ സംസ്ഥാനത്ത് അഭയം തേടി എത്തുന്നവരെ സംരക്ഷിക്കുന്നതിനും സ്വാഗതം ചെയ്യുന്നതിനും ഞങ്ങൾ തയ്യാറായി കഴിഞ്ഞുവെന്നും ഗവർണർ കൂട്ടിച്ചേർത്തു .യുക്രെയിൻ - അമേരിക്കൻ വംശജർ ഏറ്റവും കൂടുതൽ തിങ്ങി പാർക്കുന്ന സംസ്ഥാനമാണ് ന്യുയോർക്ക് . റഷ്യൻ സൈനികർ അയൽരാജ്യമായ യുക്രെയിനിലേക്ക് തള്ളിക്കയറുമ്പോൾ യുക്രെയിനിലെ ജനങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം കൂടി ഞങ്ങളിൽ അർപ്പിതമാണ് . ഞങ്ങളുടെ പ്രാർത്ഥന എപ്പോഴും യുക്രെയിൻ ജനതയോട് കൂടെയുണ്ട് . ന്യുയോർക്ക് യുക്രെയിൻ ജനതക്ക് സുരക്ഷിതത്വവും , സ്നേഹവും നൽകുന്ന വിശുദ്ധ ഭൂമിയാണ് ഗവർണർ പറഞ്ഞു . റഷ്യൻ അധിനിവേശത്തെ ഞങ്ങൾ ഭയത്തോടെയാണ് നോക്കി കാണുന്നത് . പൂർണ്ണമായും യുക്രെയിൻ റഷ്യയുടെ അധീനതയിൽ ആയാൽ ലക്ഷകണക്കിന് അഭ്യാർത്ഥികളായിരിക്കും അതിർത്തി രാജ്യങ്ങളായ പോളണ്ട് തുടങ്ങിയ നിരവധി രാജ്യങ്ങളിലേക്ക് എത്തുക . യുക്രെയിൻ ജനതയുടെ സ്വാതന്ത്ര്യത്തിൽ കടന്ന് കയറുന്നതിനുള്ള റഷ്യൻ നീക്കത്തെ ചെറുക്കുന്നതിന് ബൈഡൻ ഭരണകൂടം സ്വീകരിക്കുന്ന നടപടിക




# ശ്രീലങ്കയക്കെതിരെ മൂന്നാം ട്വന്റി 20 യിലും ഇന്ത്യയ്ക്ക് ജയം

**ധർമ്മശാല:** തുടർച്ചയായ മൂന്നാം മത്സരത്തിലും അർധസെഞ്ചറിയുമായി ശ്രേയസ്സ് അയ്യർ (45 പന്തിൽ 73 റൺസ്) മികച്ച ഫോമിൽ കളിച്ചപ്പോൾ ശ്രീലങ്കയക്കെതിരെ മൂന്നാം ട്വന്റി 20 യിലും ഇന്ത്യയ്ക്ക് അനായസ ജയം.ശ്രീലങ്ക ഉയർത്തിയ 147 റൺസ് വിജയലക്ഷ്യം16.5. ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ മറികടന്നും.ആറ് വിക്കറ്റിന് ജയം. തുടർച്ചയായ 12–ാം ജയത്തോടെ കൂടുതൽ തുടർ വിജയങ്ങളെന്ന അഫ്ഗാനിസ്ഥാന്റെ ലോക റെക്കോർഡിന് ഒപ്പമെത്തി ഇന്ത്യ.. മലയാളിതാരം സഞ്ജു സാംസൺ ഒപ്പണറായി ഇറങ്ങിയ കളിയിൽ ഇന്ത്യയുടെ തുടക്കം മികച്ചതായിരുന്നില്ല. രാണ്ടാമത്തെ ഓവറിൽ നായകൻ രോഹിത് ശർമ്മ (5)പുറത്ത്. മൂന്ന് ബൗണ്ടറികളടിച്ചെങ്കിലും 12 പന്തിൽ 18 റൺസ് എടുത്ത സഞ്ജുവിന്റെ ഇന്നിംഗ്സിനും അധികം ആയുസ്സുണ്ടായിരുന്നില്ല. ചാമിക കരുതരത്നയുടെ പന്ത് എഡ്ജ് ചെയ്ത് ദിനേശ് ചന്ദിമലിന്റെ കൈകളിലെത്തി. 16 പന്തിൽ 21 റൺസ് നേടി പുറത്തായ ദീപക് ഹൂണ്ടയും തിളങ്ങി. വെങ്കിടേഷ് അയ്യർക്ക് 5 റൺസ് മാത്രമാണ് നേടാനായത്. ഇരുവരുടേയും വിക്കറ്റുകൾ ലഹാരു കുമാരയാണ് വീഴ്ത്തിയത്. ഹൂണ്ടയുടെ വിക്കറ്റ് വീഴ്ത്തിയശേഷം കൂമാര എറിഞ്ഞ രണ്ടു പന്തുകളും ബൗണ്ടറി കടത്തിയാണ് ശ്രേയസ്സ് അയ്യർ അർധശതകം തികച്ചത്. ആദ്യ പന്തിൽ ഫോറും രണ്ടാം പന്തിൽ സിക്സും. 29 പന്തിൽ നിന്നാണ് അയ്യർ 50 റൺ നേടിയത്. 15 പന്തിൽ 22 റൺസ് എടുത്ത് രവീന്ദ്ര ജഡേജ പുറത്താകാതെ നിന്നു ശ്രേയസ്സ് അയ്യർ ടോസ് നേടി ബാറ്റിംഗിനിറങ്ങിയ ശ്രീലങ്കയുടേത് മോശം തുടക്കമായിരുന്നു. ആദ്യ നാല് ഓവറിൽ തന്നെ ശ്രീലങ്കയ്ക്ക് 3 വിക്കറ്റ് നഷ്ടമായി. ദനുഷ്ക ഗുണതിലക (0) സിറാജിന്റെ പന്തിൽ പ്ലെയ്ഡ് ഓൺ ആയപ്പോൾ പ ാത്തും നിസ്സങ്കയെയും (1) ചരിത് അസലങ്കയെയും (4) ആവേശ് വീഴ്ത്തി. ഇരുവരെയും യഥാക്രമം വെങ്കടേഷ് അയ്യരും സഞ്ജു സാംസണുമാണ് പിടികൂടിയത്.ജെനിത് ലിയനഗെയെ (9) വിഷ്ണോയ് ക്ലീൻ ബൗൾഡാക്കി. ശ്രീലങ്ക 8.3 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 29 റൺസെന്ന നിലയിലേക്ക് തകർന്നു. അഞ്ചാം വിക്കറ്റിൽ ദിനേഷ് ഛണ്ഡിമലും ദാസുൻ ഷനകയും ചേർന്ന 31 റൺ കൂട്ടുകെട്ട് ശ്രീലങ്കയെ മത്സരത്തിലേക്ക് തിരികെ കൊണ്ടുവന്നു. 27 പന്തുകളിൽ 25 റൺസെടുത്ത ഛണ്ഡിമലിലെ ഹർഷൽ പട്ടേളിന്റെ പന്തിൽ വെങ്കടേഴ് അയ്യർ പിടികൂടി. അവസാന അഞ്ച് ഓവറുകളിൽ കത്തിക്കയറിയ ഷനക 29 പന്തുകളിൽ ഫിഫ്റ്റി തികച്ചു. 38 പന്തുകളിൽ 8 ബൗണ്ടറിയും രണ്ട് സിക്സറും സഹിതം 74 റൺസെടുത്ത ഷനക പുറത്താവാതെ നിന്നു.ആവേശ് ഖാൻ രണ്ട് വിക്കറ്റ് വീഴ്ത്തി.



## പൂങ്ങോട് സെവൻസിലും ഫിഫാ മഞ്ചേരിക്ക് വിജയം

അഖിലേന്ത്യാ സെവൻസിൽ പൂങ്ങോട് ടൂർണമെന്റിൽ നടന്ന മത്സരത്തിൽ ഫിഫ മഞ്ചേരിക്ക് വിജയം. എഫ് സി പെരിന്തൽമണ്ണയെ മറുപടിയില്ലാത്ത ഒരു ഗോളിന് ആണ് ഫിഫ മഞ്ചേരി വിജയിച്ചത്.ഫിഫാ മഞ്ചേരിയുടെ അഖിലേന്ത്യാ സെവൻസിലെ രണ്ടാം മത്സരമാണിത്. നേരത്തെ കാദറലി സെവൻസിൽ ഇറങ്ങിയപ്പോഴും ഫിഫാ മഞ്ചേരി വിജയിച്ചിരുന്നു. ഈ വിജയം തുടരാൻ ആകും എന്നാകും ഫിഫാ മഞ്ചേരി വിശ്വസിക്കുന്നത്.പൂങ്ങോട് സെവൻസിൽ ലിൻഷാ മണ്ണാർക്കാട് സ്കൈ ബ്ലൂവിനെ നേരിടും.





## വിമർശകരുടെ വായടപ്പിച്ച 89 റൺസ്, ക്രെഡിറ്റ് രോഹിത് ശർമയ്ക്ക് നൽകി ഇഷാൻ കിഷൻ

**ലഖ്നൗ:** വെസ്റ്റ് ഇൻഡീസിന് എതിരായ പരമ്പരയിൽ സ്കോർ ഉയർത്താൻ കഴിയാതിരുന്നതോടെ ഇഷാൻ കിഷന് നേരെ ചോദ്യങ്ങൾ ഉയർന്നു.എന്നാൽ ശ്രീലങ്കയ്ക്കെതിരായ ആദ്യ ട്വന്റി20യിൽ തന്നെ തകർത്തടിച്ച് ഇഷാൻ വിമർശകരുടെ എല്ലാം വായടപ്പിച്ച് കഴിഞ്ഞു.56 പന്തിൽ നിന്ന് 89 റൺസ് ആണ് ഇഷാൻ അടിച്ചെടുത്തത്. താളം വീണ്ടെടുത്തതിലെ ക്രഡിറ്റ് ഇഷാൻ നൽകുന്നത് ക്യാപ്റ്റൻ രോഹിത് ശർമയ്ക്കും പരിശീലകൻ രാഹുൽ ദ്രാവിഡിനും. മികവ് കാണിക്കാൻ കഴിയാതെ വരുമ്ബോഴുള്ള യുവ താരങ്ങളുടെ മാനസികാവസ്ഥ രോഹിത്, കോഹ് ലി പോലുള്ള മുതിർന്ന താരങ്ങൾക്ക് മനസിലാക്കാൻ കഴിയും എന്നാണ് ഇഷാൻ പറയുന്നത്. വെസ്റ്റ് ഇൻഡീസിന് എതിരെ എനിക്ക് മികച്ച ബാറ്റിങ് പുറത്തെടുക്കാനായില്ല. എന്റെ കഴിവ് എന്താണെന്ന് അറിയാമെന്നും ടീമിനായി എനിക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നും അവർ എന്നോട് എല്ലായ്പ്പോഴും പറയുന്നുണ്ട്. നിന്നിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട്. നിനക്ക് കഴിവില്ലേ എന്ന സംശയം ഒരിക്കലും ഉണ്ടാകരുത് എന്നും അവരെന്നോട് പറയുന്നു.

EDITORS CHOICE







# ഇന്ന് ദേശീയ ശാസ്ത്ര ദിനം

ഓരോ ദിനങ്ങളും ഓരോ ആഘോഷങ്ങളും ഓരോ ഓർമ്മപ്പെടുത്തലുകൾകൂടിയാണ്. കടന്നുവന്ന പാതയുടെ അല്ലെങ്കിൽ മുന്നോട്ടുള്ള സന്നിഗ്ദമായ ദിനങ്ങളുടെ. ഇന്ന് ദേശീയ ശാസ്ത്ര ദിനം. ശാസ്ത്രം വളർന്നു പന്തലിച്ച് മാനംമുട്ടെയെത്തി നിൽക്കുകയാണിന്ന്. ഈ അവസരത്തിൽ ഓർക്കേണ്ട ചിലതിലേക്ക് പോകാം.1986 മുതൽ ആണ് ഫെബ്രുവരി 28 ദേശീയ ശാസ്ത്ര ദിനമായി ആചരിക്കാൻ തുടങ്ങിയത്. 1930ൽ ശാസ്ത്രത്തിന് നൊബേൽ പുരസ്കാരം ലഭിച്ച സി വി രാമന്റെ 'രാമൻ പ്രഭാവം' എന്ന കണ്ടുപിടുത്തം അദ്ദേഹം ലോകത്തിന് സമർപ്പിച്ചത് 1928 ഫെബ്രുവരി 28ന് ആയിരുന്നു. ശാസ്ത്ര നേട്ടത്തെ ലോകോപകാരത്തിന് സമർപ്പിക്കുന്ന ഭാരതീയ പൈതൃകത്തിന്റെ ഓർമകൂടിയാണ് ഈ സുദിനം. ഭാരതീയ ശാസ്ത്രപാരമ്പര്യത്തെ വീണ്ടും പ്രോജ്വലമാക്കാനും ഏതു പ്രതികൂല സാഹചര്യത്തിലും ഭാരതത്തിന്റെ ശാസ്ത്രപ്രതിഭക്ക് തല ഉയർത്തി നിൽക്കാൻ കഴിയുമെന്നും തന്റെ ജീവിതത്തിലൂടെ കാണിച്ച അതുല്യപ്രതിഭയും രാജ്യസ്നേഹിയുമായിരുന്നു ചന്ദ്രശേഖര വെങ്കിട്ടരാമൻ എന്ന സി വി രാമൻ. ബഹുമതികളെ വലിച്ചെറിഞ്ഞും വിദേശത്തുകിട്ടാവുന്ന സ്ഥാനമാനങ്ങളെ വേണ്ടെന്നുവച്ചും നാടിന്റെ വികസനത്തിനും ശാസ്ത്രപുരോഗതിക്കും പാരമ്പര്യം വീണ്ടെടുക്കുന്നതിനും അദ്ദേഹം നടത്തിയ ജീവിതയാത്രയാണ് ആധുനിക ഭാരതം പല രംഗത്തും മുടന്തുമ്പോഴും ശാസ്ത്ര സാങ്കേതിക രംഗത്ത് നെഞ്ചുവിരിച്ച് മുന്നേറാൻ നമ്മെ പ്രാപ്തമാക്കുന്നത്. ശാസ്ത്രം മാനവരാശിക്ക് നാശം വിതച്ച കണ്ടുപിടുത്തങ്ങൾ സമ്മാനിച്ച കാലത്ത് തന്നെയാണ് മാനവ ജീവിതത്തിന്റെ വിവിധരംഗങ്ങളിൽ ഉപകാരപ്രദമായി മാത്രം ഉപയോഗിക്കാൻ കഴിയുന്ന ശാസ്ത്രസത്യങ്ങൾ കണ്ടെത്തിക്കൊണ്ട് സി വി രാമൻ എന്ന മഹാപ്രതിഭ ഉയർന്നുവന്നത്. സത്യം സത്യമായി പറഞ്ഞാൽ, സത്യത്തിന്റെ ശക്തിയിൽ അത് വിജയിക്കുമെന്നാണ് സി വി രാമന്റെ തന്നെ ജീവിതം നമുക്ക് കാട്ടിത്തരുന്നത്. സി വി രാമന് നൊബേൽ സമ്മാനം നേടിക്കൊടുത്ത പരീക്ഷണം വിവിധ പദാർഥങ്ങളിലൂടെ/ലായനികളിലൂടെ പ്രകാശം കടന്നുപോകുമ്പോൾ പ്രകാശത്തിന് സംഭവിക്കുന്ന വിതരണത്തെ കുറിച്ചായിരുന്നു. അദ്ദേഹം നടത്തിക്കൊണ്ടിരുന്ന ഈ പരീക്ഷണം അമേരിക്കയിൽ വലിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർ ചെയ്തുകൊണ്ടിരുന്നു. അത് അദ്ദേഹത്തെ നിരാശപ്പെടുത്തുകയല്ല ചെയ്തത്. അദ്ദേഹം ശിഷ്യരോട് പറഞ്ഞു, 'യന്ത്രങ്ങൾ അല്ല കണ്ടുപിടുത്തം നടത്തുന്നത്, മനുഷ്യനാണ്'. അദ്ദേഹത്തിന്റെ വാക്കുകൾ വിജയിക്കുകതന്നെ ചെയ്തു. അങ്ങനെ 1986 മുതൽ ദേശീയ ശാസ്ത്ര ദിനം ആചരിച്ചു തുടങ്ങി. ശാസ്ത്രത്തിന്റെ ഇതുവരെയുള്ള നേട്ടങ്ങളേയും ഇനിയും പിന്നിടാനുള്ള കടമ്പകളെയും കുറിച്ച് ഈ ദിനം ഓർമ്മിപ്പിക്കുന്നു. ശാസ്ത്രവും സമൂഹവും തമ്മിലുള്ള അകൽച്ച ഇല്ലാതാക്കുകയാണ് ഈ ദിനാചരണത്തിന്റെ മറ്റൊരു ലക്ഷ്യം. വിദ്യാഭ്യാസത്തിലും, നയരൂപീകരണത്തിലും ശാസ്ത്രത്തെ എത്രമാത്രം ഉപയോഗപ്പെടുത്തുന്നു എന്ന് ചിന്തിക്കേണ്ടതുമുണ്ട്. ശാസ്ത്രത്തിന്റെ പ്രാധാന്യം ഗവേഷണത്തിന്റെ മൂല്യത്തിലോ അല്ലെങ്കിൽ അറിവിന്റെ മേഖലയിലോ മാത്രമല്ല സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ അതിന് പ്രസക്തിയുണ്ടാവണം. സർക്കാരിന്റെ സൂക്ഷ്മ സാമ്പത്തിക ലക്ഷ്യങ്ങൾ നിറവേറാൻ അത് പ്രയോജനപ്പെടണം. മുമ്പെത്തേക്കാളും അധികം ശാസ്ത്രത്തിന്റെ പ്രയോഗം ഭരണനിർവഹണത്തിലും നിത്യജീവിതത്തിലും എല്ലാം ഏറി വരികയാണ്. ശാസ്ത്രത്തെ സാധാരണക്കാരിൽ അവന്റെ ഭാഷയിൽ എത്തിക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്നു. പ്രീപ്രൈമറി മുതൽ സർവകലാശാലവരെയുള്ള ശാസ്ത്രപഠനവും ഗവേഷണവും പ്രസിദ്ധീകരണവും അവന്റെ ഭാഷയിൽ നൽകണം. ശാസ്ത്രം മാതൃഭാഷയിൽ പഠിപ്പിച്ച് രാജ്യപുരോഗതി നേടിയ ആധുനിക ലോകചരിത്രം നാം അടുത്തറിയണം. 'ശാസ്ത്ര സങ്കേതികവിദ്യ ഭിന്നശേഷിക്കാർക്ക് വേണ്ടി' എന്നതാണ് ഇത്തവണത്തെ ദേശീയ ശാസ്ത്രദിന മുദ്രാവാക്യം. ശാസ്ത്രാവബോധം വളർത്തി ഭാരതത്തിനെ ശാസ്ത്ര ലോകത്തിന്റെ നെറുകയിൽ എത്തിക്കാനും നമ്മുടെ സമൂഹത്തിൽ രൂഢമൂലമായ അന്ധവിശ്വാസങ്ങൾക്കെതിരെ പ്രവർത്തിക്കാനും ഈ ദേശീയ ശാസ്ത്ര ദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com